# ക്രൈസ്തവ വനിത

September - October 2019



A fundamental Christian bi-monthly publication of the women, by the women, for the women

2019
September - October

Volume XII
Issue 5

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ

| | | |
|---|---|---|
| മുടിയൻ പുത്രന്റെ പിതാവ് | മേരി അഞ്ചൻ | 1 |
| ഞങ്ങൾ എന്തു ചെയ്യേണം? | ജെസി ബെൻസെൻ | 3 |
| സാധാരണക്കാരിയായ മറിയയുടെ അസാധാരണ ശുശ്രൂഷ | എൽസി ബേബി | 4 |
| ഊഷ്മള ബന്ധം | എൽസി തോമസ് | 6 |
| ലോകസംഭവങ്ങൾ ബൈബിൾ പ്രവചനവെളിച്ചത്തിൽ | മോളിക്കുട്ടി ചാക്കോ | 8 |
| ഇതാ ഒരു പുതിയ മനുഷ്യൻ | ഡോ. കുഞ്ഞുമോൻ ചാക്കോ | 11 |
| അയ്യോ! ഞാൻ ഉറങ്ങിപ്പോയി | നിതിൻ എം. എം. | 13 |
| ഇതു അന്ത്യകാലം: സഭാ ലക്ഷണങ്ങൾ | പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ | 15 |
| സഫലമീ യാത്ര | പാസ്റ്റർ എ. ജെ. ജോൺ | 17 |
| "എന്നെ മാറ എന്നു വിളിപ്പിൻ" | മഹേശ്വരി പുരന്ദരൻ | 19 |
| കുഞ്ഞുങ്ങൾ നഷ്ടമായാൽ | ഡോ. ചാൾസ് ജോൺ | 21 |
| Quest -67 | cover | 3 |

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

CHRISTIAN
WOMAN
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# മുടിയൻ പുത്രന്റെ പിതാവ്



**"മു**ടിയൻ പുത്രന്റെ" കഥ നമുക്കെല്ലാവർക്കും സുപരിചിതമാണല്ലോ. അനേക സുവിശേഷകന്മാരുടെയും പ്രസംഗവിഷയമാണല്ലോ ഈ കഥ (ലൂക്കൊസ് 15). എന്നാൽ മുടിയൻ പുത്രന്റെ പിതാവിനെക്കുറിച്ചു ചിന്തിക്കുന്നത് നന്നായിരിക്കും. ധനികനായ പിതാവ്! സ്വത്തുക്കളും, ഭൃത്യരും, മൃഗസമ്പത്തുമെല്ലാം ധാരാളം. രണ്ടു ആൺ മക്കൾ മാത്രമേ ഉള്ളൂ. അവരിൽ ഇളയവന് വേണ്ടുവോളം സ്വാതന്ത്ര്യമില്ല എന്ന് തോന്നി; വീടുവിട്ടു ദൂരെപോയാൽ ചോദിക്കാനും പറയാനും ആരുമില്ലല്ലോ എന്നുള്ള ചിന്ത അവനെ ഭരിച്ചു. ആയതിലേക്ക് അപ്പനെ സമീപിച്ച് സ്വത്തിൽ തനിക്കുള്ള പങ്ക് ആവശ്യപ്പെട്ടു. തന്റെ മകന്റെ ഈദൃശപ്രവർത്തനത്തിൽ പിതാവ് അതീവദുഃഖിതനായെങ്കിലും അവന്റെ ഓഹരി അവനു നല്കി. സ്വതന്ത്രനായ മകൻ! വേണ്ടുവോളം പണം കൈവശമുണ്ട്. അപ്പന്റെ അടുക്കൽ നിന്നും ദൂരദേശത്തേക്ക് (far country) പോയി. തന്റെ പണത്തിന്റെ ബലത്തിൽ അനേക യൗവ്വനക്കാർ സ്നേഹിതരായിത്തീർന്നു. ഇപ്പോഴത്തെ ഭാഷയിൽ "അടിപൊളി" ജീവിതം ആസ്വദിച്ചും സ്നേഹിതരുടെ എല്ലാം ആദരണീയനായിത്തീർന്നു. ദിവസങ്ങൾ ഉല്ലാസത്തിൽ കഴിച്ചു. എന്നാൽ ഒരുനാൾ ആഗതമായി. കൈയിൽ പണം ശേഷിപ്പില്ല; ഒരു 'സ്നേഹിതൻ' പോലും തിരിഞ്ഞു നോക്കാതായി. ദേശത്ത് ക്ഷാമം ഉണ്ടായി. വിശപ്പ് ശമിപ്പിക്കുവാൻപോലും മാർഗ്ഗമില്ലാതായി. ആ സ്ഥലത്തെ ഒരു പൗരൻ തന്റെ പന്നികളെ നോക്കുന്ന ജോലി അവനു നല്കി; എങ്കിലും പന്നികൾ തിന്നിരുന്ന തവിടു പോലും അവനു ലഭിക്കാതെപോയി. അവന് കൂലിയായി ഒന്നും കൊടുത്തതായി കാണുന്നില്ല; ഒരു പക്ഷെ കിടക്കാൻ സ്ഥലം കൊടുത്തിരിക്കാം! അപ്പോൾ അവനു സുബോധമുണ്ടായി. ധനവാനായ തന്റെ പിതാവിനെയും അയാളുടെ അനവധി ഭൃത്യരേയും കുറിച്ച് ഓർമ്മയുണ്ടായി. വേണ്ടുവോളം ഭക്ഷിച്ച് മിച്ചം വരുത്തുന്ന സേവകർ! താനോ വിശപ്പുകൊണ്ട് മരിക്കാറായി. മടങ്ങി ഭവനത്തിലേക്കു പോകുന്നതല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല. തന്റെ ഓഹരി മുഴുവനും കൈപ്പറ്റി, ദൂരദേശത്തേക്കു പോയി, ധൂർത്തടിച്ചു ഇന്ന് ഒരു ഭിക്ഷുകനെപ്പോലെ മടങ്ങി എത്തിയാൽ പിതാവു തന്നെ സ്വീകരിക്കുമോ? ഒരു പ്രതീക്ഷയ്ക്കും വകയില്ലെങ്കിലും അപ്പന്റെ അടുത്തുചെന്ന് ഭൃത്യന്മാരിൽ ഒരുവനെപ്പോലെയെങ്കിലും സ്വീകരിക്കുവാൻ യാചിക്കുക എന്നു തീരുമാനിച്ചു. ഏറ്റു പറയാനുള്ള വാചകങ്ങൾ ഉരുവിട്ട് മനഃപാഠമാക്കി, വീടിനെ ലക്ഷ്യമാക്കി നടന്നു (ലൂക്കൊസ് 15:20).

എന്നാൽ ഏറ്റവും മനോഹരമായ ഒരു ദൃശ്യമാണ് നാം കാണുന്നത്. അതുല്യ സ്നേഹവാത്സല്യങ്ങളുടെ ഉറവിടമായ ഒരു പിതാവ്, തന്റെ സ്വത്തിന് യാതൊരവകാശവും ഇല്ലാത്ത, അനർഹനും ദുർമ്മാർഗ്ഗിയുമായ മകനെ സ്നേഹവായ്പോടെ സ്വീകരിക്കുന്ന കാഴ്ച! ഒരു ഭിക്ഷുകന്റെ രൂപത്തിൽ ദൂരെ നിന്നും നടന്ന് വീടിനെ ലക്ഷ്യമാക്കി വന്ന

പരീശന്മാരോടും, ശാസ്ത്രിമാരോടും യേശുക്രിസ്തു ഈ ഉപമയിൽകൂടെ സ്വർഗ്ഗീയ പിതാവിന് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹ വാത്സല്യങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. പിതാവായ ദൈവത്തിൽ നിന്നും സ്വന്ത ഇഷ്ടപ്രകാരം ജീവിതം നയിക്കാനായി ദൂരവേ പോയിരിക്കുന്നവരുടെ തിരിച്ചുവരവിനായി അവൻ കാത്തിരിക്കുന്നു. ഇതു വായിക്കുന്ന ആരെങ്കിലും സ്വർഗ്ഗസ്ഥ പിതാവിനെവിട്ട് 'ദൂരദേശ'ത്തേക്കുപോയി ദൈവമില്ലാത്തവരായി ജീവിക്കുന്നെങ്കിൽ അവങ്കലേക്കു തിരിച്ചു വരിക. നിത്യഭവനത്തിലെ അംഗമായി, നിത്യജീവന്റെ അവകാശികളായിത്തീരുക. പാപിയായ നിന്നോട് കരുണ കാണിപ്പാനും, ''സ്വഗൃഹ''ത്തിൽ നിന്നും പുറപ്പെട്ടുപോയ നിന്റെ തിരിച്ചുവരവിനായും പിതാവ് കാത്തിരിക്കുന്നു. അവൻ നിന്നെ രക്ഷാവസ്ത്രം ധരിപ്പിക്കുകയും, അവനോടൊത്ത് വലിയോരു വിരുന്നിന്റെ അവകാശിയാക്കിത്തീർക്കുകയും ചെയ്യും. സ്വർഗ്ഗീയാനന്ദം എന്നേക്കും അനുഭവിക്കുവാൻ ഇടയാകട്ടെ. "കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു"(1 യോഹ.3:1).

" ഉത്തുംഗസ്നേഹത്തിൻ ഉയരങ്ങളോടോ
നീലവിഹായസിൻ വിസ്തൃതിയോടോ
ഏതിനോടുപമിക്കും നിൻ ദിവ്യസ്നേഹം?
നിനക്കു തുല്യം നീ മാത്രമല്ലോ"

മനുഷ്യവർഗ്ഗത്തെ വീണ്ടെടുപ്പാനായി സ്വപുത്രനായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽകൂടെ പ്രദർശിപ്പിച്ച ആ ദിവ്യ സ്നേഹം. വീണ്ടെടുപ്പിൻ സ്നേഹം അനുഭവിപ്പാൻ നമുക്കെല്ലാവർക്കും അവൻ കൃപ നല്കട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

മകനെ തിരിച്ചറിഞ്ഞ ആ പിതാവ് അവനെ സ്വീകരിപ്പാനായി അവന്റെ അടുത്തേക്ക് ഓടിപ്പോവുകയാണ് ചെയ്തത്. മകന്റെ തിരിച്ചുവരവിനായി കാത്തിരുന്ന ഒരു പിതാവിനെയാണ് നാം കാണുന്നത്. തന്റെ ആജ്ഞാനുവർത്തികളായ അനേക ഭൃത്യരുടെയും അധികാരിയും ധനവാനുമായിരുന്ന ആ പിതാവ് ദൂരെ നിന്നും അടുത്തുവരുന്ന ഒരു ഭിക്ഷുകനെ ലക്ഷ്യമാക്കി ഓടുന്നതുകണ്ട് ചില വേലക്കാരും യജമാനന്റെ പിന്നാലെ ഓടിയതായി കാണുന്നു. മകന്റെ പരിതാപാവസ്ഥ കണ്ട പിതാവിന്റെ ഹൃദയം തകർന്നു. കഴിഞ്ഞുപോയ സംഭവങ്ങളെല്ലാം അയാൾ ക്ഷമിക്കുകയും, മറക്കുകയും ചെയ്തു. വൃത്തിഹീനവും, വിരൂപവുമായ തന്റെ മകന്റെ ശരീരം കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്തു. ദാസന്മാരെ വീട്ടിലേക്ക് അയച്ച്, മേൽത്തരമായ അങ്കി കൊണ്ടുവന്ന്, ആ വൃത്തികെട്ട ശരീരത്തെ ധരിപ്പിച്ചു. തന്റെ സ്വന്തം അങ്കികളിൽ ഒന്നു തന്നെയാണ് മകനു നല്കിയത്. അവൻ ആയിരുന്ന അവസ്ഥയിൽതന്നെ അവനെ സ്വീകരിച്ച ഒരു പിതാവിനെയാണ് നാം കാണുന്നത്. " അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല" എന്നു മാത്രമേ മകൻ പറയുന്നുള്ളൂ. പിതാവിന് അതിനപ്പുറമായി വിശദാംശങ്ങൾ ആവശ്യമായിരുന്നില്ല. മകന്റെ ജീവിതത്തിൽ സംഭവിച്ച പരിവർത്തനം ആ പിതാവു ഗ്രഹിച്ചു. "മകന്റെ പദവി" അവനു നല്കിക്കഴിഞ്ഞു. കൈയ്ക്കു മോതിരവും, പാദങ്ങൾക്കു ചെരുപ്പും ഇടുവിക്കുന്നു. മോതിരവും, ചെരുപ്പും, ദാസീദാസന്മാർക്കു ലഭ്യമായിരുന്നില്ല. ഭവനത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമുള്ള മക്കളുടെ അവകാശങ്ങളാണവ. അനന്തരം വിശിഷ്ടവിരുന്നിനും പങ്കാളിയായി.

# ഞങ്ങൾ എന്തു ചെയ്യേണം?

ജെസി ബെൻസെൻ, കൊച്ചി



**മാ**നസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കണമെന്ന യോഹന്നാൻ സ്നാപകന്റെ ഉപദേശം കേട്ട ജനം ഞങ്ങൾ എന്തു ചെയ്യേണമെന്നു ചോദിച്ചു. "എന്നാൽ ഞങ്ങൾ എന്തു ചെയ്യേണം എന്നു പുരുഷാരം അവനോടു ചോദിച്ചു.... ചുങ്കക്കാരും.... ഞങ്ങൾ എന്തു ചെയ്യേണം എന്നു അവനോട് ചോദിച്ചു.... പടജ്ജനവും അവനോട് : ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു" (ലൂക്കൊ. 3:10-14).

പൗലൊസും ശീലാസും തടവിലായിരിക്കെ, അവർ പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾ വലിയ ഭൂകമ്പം ഉണ്ടാകയും കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ തുറന്നു പോകയും എല്ലാവരുടെയും ചങ്ങല അഴിഞ്ഞു വീഴുകയും ചെയ്തതു നിമിത്തം ഭയപ്പെട്ടു പോയ കാരാഗൃഹപ്രമാണി പൗലൊസിനോട് യജമാനന്മാരേ രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിക്കുന്നു (പ്രവൃത്തി 16:26-30).

യോഹന്നാന്റെ പ്രസംഗം കേട്ടവർ ബാഹ്യമായ യാതൊരു സമ്മർദ്ദവും നിമിത്തമല്ല, തങ്ങൾ എന്തു ചെയ്യേണമെന്നു ചോദിച്ചത്. ഏറ്റവും ലളിതമായ ദൈവവചന കേൾവിയിൽ തന്നെ ആ ചോദ്യം അവരുടെ ഉള്ളിൽ നിന്നും പുറത്തുവന്നു. എന്തുവേണമെങ്കിലും ചെയ്യുവാനുള്ള സന്നദ്ധത അവരുടെ ചോദ്യത്തിലുണ്ടായിരുന്നു.

എന്നാൽ കാരാഗൃഹപ്രമാണിക്ക് ആ ചോദ്യം ചോദിക്കുന്നതിന് ബാഹ്യവും ആന്തരികവുമായ സമ്മർദ്ദങ്ങൾ ആവശ്യമായിരുന്നു. വലിയൊരു ഭൂകമ്പവും അതിനാലുണ്ടായ കുലുക്കവും വാതിൽ തുറന്നുപോയതും തടവുകാരുടെ കൈകളിൽ നിന്നു ചങ്ങല അഴിഞ്ഞുവീണതും ഒക്കെയായിരുന്നു ബാഹ്യമായ സമ്മർദ്ദമെങ്കിൽ തടവുകാർ രക്ഷപ്പെട്ടിരിക്കാമെന്ന സംശയത്തിൽ താൻ ശിക്ഷിക്കപ്പെടുമെന്ന ഭയമായിരുന്നു അവനുണ്ടായിരുന്ന ആന്തരിക സമ്മർദ്ദം. അതിനെ നേരിടുവാൻ കഴിയാതെ ആത്മഹത്യയ്ക്കു ഒരുങ്ങിയ കാരാഗൃഹപ്രമാണിയെ 'ഞങ്ങൾ എല്ലാവരും ഇവിടെത്തന്നെയുണ്ടല്ലോ' എന്ന പൗലൊസിന്റെ വാക്കുകളാണ് പിന്തിരിപ്പിച്ചത്. അപ്പോഴാണ് രക്ഷപ്രാപിക്കാൻ ഞാൻ എന്തു ചെയ്യണമെന്ന ചോദ്യം അവനിൽ നിന്നുയർന്നത്. അധികാരികളിൽ നിന്ന് രക്ഷപ്രാപിക്കാനല്ല, ചുറ്റുപാടുകളുടെ സമ്മർദ്ദത്തിൽ നിന്നു രക്ഷപ്രാപിക്കാനുമല്ല, ജീവരക്ഷ പ്രാപിക്കാനാണ് ഞാൻ എന്തു ചെയ്യണമെന്നു അവൻ ചോദിച്ചത്.

പൗലൊസിന്റെ ജീവിതത്തിലും ഇത്തരം ഒരു സമ്മർദ്ദത്തെ തുടർന്നാണ് കർത്താവേ ഞാൻ എന്തു ചെയ്യേണം എന്ന ചോദ്യം അവനിൽ നിന്നും ഉയർന്നത്. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനും അവരെ പിടിച്ചുകെട്ടി യെരുശലേമിലേക്കു കൊണ്ടുപോകുവാനുള്ള അധികാര പത്രവുമായി വരുമ്പോൾ ദമസ്കൊസിന്റെ പടിവാതില്ക്കൽ വച്ച് വലിയൊരു വെളിച്ചം അവന്റെ ചുറ്റും മിന്നി. അവൻ നിലത്തു വീഴുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. കർത്താവ് അവനോട് നേരിട്ടു സംസാരിച്ചു. നീ ഉപദ്രവിക്കുന്ന യേശുവാകുന്നു ഞാൻ എന്ന കർത്താവിന്റെ ശബ്ദവും അവൻ കേട്ടു. അപ്പോഴാണ് കർത്താവേ ഞാൻ എന്തു ചെയ്യേണം എന്ന ചോദ്യം അവനിൽ നിന്നുയർന്നത്. നിലത്തു

*ശേഷം 10-ാം പേജിൽ കാണുക*

# സാധാരണക്കാരിയായ മറിയയുടെ അസാധാരണ ശുശ്രൂഷ

എൽസി ബേബി, ന്യൂ യോർക്ക്



**ക**ർത്താവായ യേശുക്രിസ്തുവിനെ തൈലാഭിഷേകം ചെയ്തു ആരാധിച്ച മറിയ ഒരു സാധാരണ സ്ത്രീ ആയിരുന്നെങ്കിലും അവളുടെ പ്രവൃത്തി അസാധാരണമായ ഒന്നു തന്നെ ആയിരുന്നു. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ ഉപായത്താൽ പിടിച്ചുകൊല്ലാൻ തക്കംനോക്കി അന്വേഷിക്കുന്നു. ചിലർ പണത്തെ സ്നേഹിച്ച് ധനത്തിന്റെ വഞ്ചനയിലായിരിക്കുന്നു. ഇങ്ങനെയുള്ള രണ്ടുകൂട്ടരുടെ മദ്ധ്യത്തിലായിരുന്നു മറിയ യേശുവിന്റെ തലയിൽ വിലയേറിയ സ്വച്ഛജടാമാംസിതൈലം ഒഴിച്ച് തന്റെ സ്നേഹം പ്രകടമാക്കിയത്. നാം അനേകം പ്രാവശ്യം വായിക്കയും, പഠിക്കയും, പഠിപ്പിക്കയും ചെയ്യാറുള്ള വിഷയമാണെങ്കിലും മറിയ ചെയ്ത ഈ അസാധാരണ സംഭവത്തിന്റെ ആഴത്തിലേക്കിറങ്ങി പരിശോധിച്ചാൽ ലഭിക്കുന്ന ഏഴു യാഥാർത്ഥ്യങ്ങൾ അത്ഭുതകരമായിരിക്കുന്നു എന്നു മനസ്സിലാക്കാം.

**1. അവൾ യേശുവിനോടുള്ള സ്നേഹത്തിൽ ചെയ്ത ശുശ്രൂഷയായിരുന്നു.**

തന്റെ പേർ പരസ്യമാക്കാനോ മറ്റുള്ളവരുടെ പ്രശംസയാർജ്ജിക്കാനോ അല്ല മറിയ താൻ ഏറെനാളായി ഒരുക്കി കരുതി വച്ചിരുന്ന വിലയേറിയ സുഗന്ധതൈലം യേശുവിനു നല്കി ആദരിച്ചത്. യേശുവിനോടുള്ള അവളുടെ സ്നേഹത്തിന്റെ സൗരഭ്യം യേശു ആസ്വദിച്ചു. നമുക്കു നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിന്റെ വില എത്രത്തോളമുണ്ട്? നമ്മെ സ്നേഹിച്ച ദൈവസ്നേഹത്തിനു പകരം നല്കാൻ നാം സന്നദ്ധരാകുന്നുവോ?

**2. അവളുടെ ശുശ്രൂഷ വിലയേറിയതായിരുന്നു.**

മുന്നൂറ്റിലധികം വെള്ളിക്കാശു വിലയുള്ള സുഗന്ധദ്രവ്യം എന്നതു അന്നത്തെ കാലയളവിൽ ജോലിചെയ്യുന്ന ഒരാളുടെ ഒരാണ്ടത്തെ ശമ്പളത്തിനു സമമായിരുന്നു. അതായത് മറിയ ഒരാണ്ടുകൊണ്ടു സമ്പാദിച്ച അവളുടെ സമ്പാദ്യമായിരുന്നു അവൾ യേശുവിന്നായി ചെലവാക്കിയത് എന്നർത്ഥം. നമ്മുടെ കർത്താവിനെ സേവിക്കുവാൻ നാം നമ്മുടെ സൗകര്യങ്ങൾ നോക്കാറില്ലേ? നമ്മുടെ സമർപ്പണം എത്ര ആഴമേറിയതാകുന്നു? ദൈവം നമ്മെ സ്നേഹിച്ച മഹാസ്നേഹത്തിന്റെ മുമ്പാകെ നമുക്കു ദൈവത്തോടുള്ള സ്നേഹം എത്ര മാത്രം ഉണ്ട്? ദൈവത്തിനു കൊടുക്കുന്ന സ്നേഹമാണ് യഥാർത്ഥ സ്നേഹം. നമ്മെ സമ്പൂർണ്ണമായി ദൈവത്തിനു നല്കാൻ നാം കടപ്പെട്ടവരാകുന്നു. നാമും നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാകുന്നു എന്നോർക്കുക.

**3. മറിയയുടെ ശുശ്രൂഷ വിമർശിക്കപ്പെട്ട ഒന്നായിരുന്നു.**

യാതൊരു ശങ്കയുമില്ലാതെ, കർത്താവിനുവേണ്ടി ചെലവാക്കിയ അവളുടെ നിസ്വാർത്ഥ സേവനത്തെ കണ്ടു നിന്നവർ പുച്ഛിക്കയായിരുന്നു. “തൈലത്തിന്റെ ഈ വെറും ചെലവെന്തിന്? അതു വിറ്റു ദരിദ്രർക്കു കൊടുക്കാമായിരുന്നില്ലേ?”എന്നൊക്കെ പറഞ്ഞു പിറുപിറുത്തു പരിഹസിച്ചു വിമർശിച്ചവർ! പലപ്പോഴും നാം കർത്താവിന്നുവേണ്ടി ചെലവാക്കുന്നതു കണ്ടു വിമർശിക്കുന്നവരുണ്ടാകാം. ദാവീദ്, യുദ്ധസേവയിലായിരിക്കുന്ന തന്റെ സഹോദരന്മാർക്ക് നല്കാൻ ഭക്ഷണവുമായി ചെന്നപ്പോൾ സഹോദരന്മാർ അവനോടു കോപിച്ചു. കാരണം ദാവീദ്, ഗോല്യാത്തിന്റെ വെല്ലുവിളിയേക്കുറിച്ചു ചോദിച്ചത് അവർക്കു രസിച്ചില്ല. പട കാണ്മാനല്ലേ വന്നതെന്നു

പറഞ്ഞു അവനെ നിന്ദിച്ചു. ദാവീദ് നിരാശ നായില്ല. അവിടെത്തന്നെ നിന്നു. ഒടുവിൽ മല്ലനായ ഗോല്ല്യാത്തിന്റെ തലയുമായിട്ടല്ലേ മടങ്ങിയത്? കർത്താവിന്നും അവന്റെ നാമമഹത്ത്വത്തിനുമായി ചെയ്യുന്ന ശുശ്രൂഷകൾ മറ്റുള്ളവർ വിമർശിച്ചാലും ദുഃഖിച്ചു പിന്മാറേണ്ടതില്ല. ദൈവം മാനിക്കും എന്നതിനു സംശയം വേണ്ടാ. മറിയയുടെ ശുശ്രൂഷ കർത്താവു മാനിച്ചു.

**4. മറിയയുടെ ശുശ്രൂഷയെ യേശു അഭിനന്ദിച്ചു.**

യേശു, അവളെ വിടുവിൻ അവളെ അസഹ്യപ്പെടുത്തുന്നതെന്തിന്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്? ദരിദ്രർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കലുണ്ടല്ലോ? ഇച്ഛിക്കുമ്പോൾ അവർക്കു നന്മ ചെയ്‌വാൻ നിങ്ങൾക്കു കഴിയും. ഞാനോ എല്ലായ്പ്പോഴും നിങ്ങളോടു കൂടെ ഇരിക്കയില്ല. അവൾ തന്നാലവതു ചെയ്തു! എത്ര നല്ല സാക്ഷ്യം? എത്ര നല്ല അംഗീകാരം? ദൈവം നമ്മുടെ ശുശ്രൂഷകളെ അംഗീകരിച്ചാൽ അതുമാത്രം മതിയല്ലോ? നാം വിശ്വസ്തതയോടും ആത്മാർത്ഥതയോടും കൂടെ ചെയ്യുന്ന ശുശ്രൂഷകളെ നമ്മുടെ കർത്താവു ആദരിക്കാതിരിക്കയില്ല. നമ്മുടെ ശുശ്രൂഷകൾ മറ്റുള്ളവർ അംഗീകരിക്കയോ പ്രശംസിക്കയോ ചെയ്തെന്നുവരികയില്ല. കർത്താവു മാനിച്ചാൽ അതുമാത്രം മതിയല്ലോ. നമ്മുടെ ശുശ്രൂഷകൾ സ്വയം മഹത്ത്വത്തിനായി തീരരുത്.

**5. മറിയ തക്കസമയത്തു തന്റെ ശുശ്രൂഷ നിവർത്തിച്ചു.**

യേശുവിന്റെ ക്രൂശീകരണത്തിനു മുമ്പേ മറിയ തന്റെ ശുശ്രൂഷ നിറവേറ്റി. അനേകം സ്ത്രീകൾ യേശുവിന്റെ മരണശേഷം തൈലവുമായി കല്ലറയ്ക്കൽ എത്തി എങ്കിലും അവർക്കു അതു അവന്റെ ശരീരത്തിൽ പൂശുവാൻ സാധിച്ചില്ല. യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. സമയംതക്കത്തിൽ ഉപയോഗിക്കേണ്ടതിന്റെ മാഹാത്മ്യം മറിയയിലൂടെ നമുക്കു പഠിക്കാം. നാളത്തേക്കു മാറ്റിവയ്ക്കരുത്. ഇന്നു ചെയ്യേണ്ടത് ഇന്നു തന്നെ ചെയ്യുക.

**6. അവൾ തന്നാലാവതു ഭംഗിയായി ചെയ്തു.**

ദൈവം നമുക്കു തന്നിരിക്കുന്ന താലന്തുകൾ, സമയം, സൗകര്യങ്ങൾ എല്ലാം ഉത്സാഹത്തോടെ മടി കൂടാതെ ചെയ്യുന്നതാണ് ഉത്തമം. 'ഫാനി ക്രോസ്ബി' എന്ന അന്ധയായ സ്ത്രീയേക്കുറിച്ചു നാം കേട്ടിട്ടുണ്ടല്ലോ. യാതൊരു ഊനവുമില്ലാതെ ജനിച്ച പെൺകുട്ടി. ബാല്യകാലത്ത് കണ്ണിൽ ദീനം വന്ന് നാട്ടുവൈദ്യന്റെ അടുത്തുകൊണ്ടുപോയി തെറ്റായ മരുന്നു കണ്ണിലൊഴിച്ച് കുഞ്ഞിന്റെ രണ്ടു കണ്ണും പൊട്ടി അന്ധയായിത്തീർന്നെങ്കിലും അവൾ വളർന്നു വലുതായി അനേകം ക്രിസ്തീയഗാനങ്ങളുടെ രചയിതാവായി അവൾ കർത്താവിനെ സേവിച്ചു, അവൾ മരിച്ച് അടക്കപ്പെട്ടപ്പോൾ അവളുടെ ശവകൂടീരത്തിൽ ''അവൾ തന്നാലാവതു ചെയ്തു'' എന്നു കൊത്തിയിരിക്കുന്നു. നാം നമ്മുടെ ചുമതലകൾ ദൈവമഹത്ത്വത്തിനായി ആവോളം ചെയ്താൽ സ്വർഗ്ഗം അതു മാനിക്കാതിരിക്കയില്ല. മറിയയെപ്പോലെ നമ്മാലാവതു ചെയ്യാനിടയാകട്ടെ!

**7. ദൈവത്താൽ പ്രശംസിക്കപ്പെട്ട ശുശ്രൂഷ**

"സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും"! എത്ര നല്ല അംഗീകാരം?എത്രയോ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു? ഇന്നും മറിയയുടെ ശുശ്രൂഷയും, ആരാധനയും ഓർക്കാത്ത വിശ്വാസികൾ കാണുകയില്ല. അവളുടെ ശുശ്രൂഷയുടെ മാഹാത്മ്യം എത്രയോ വിലയേറിയതായിരുന്നു. സഹോദരിമാർക്കു പഠിക്കുവാനും, പഠിപ്പിക്കുവാനും, അനുകരിപ്പാനും തക്ക മാതൃകയാണ് മറിയയുടെ ശുശ്രൂഷ! നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകളേക്കൊണ്ട് ആത്മാർത്ഥമായും, വിശ്വസ്തതയോടും, നിഷ്കളങ്കസ്നേഹത്തോടുംകൂടെ കർത്തൃനാമമഹത്ത്വത്തിനായി പ്രവർത്തിച്ച്, ദൈവപ്രസാദവും അംഗീകാരവും പ്രാപിക്കുവാൻ മറിയയെക്കുറിച്ചുള്ള പഠനം നമ്മെ സഹായിക്കട്ടെ ❑

# ഊഷ്മള ബന്ധം



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**ദൈ**വസ്നേഹത്തിന്റെ ഊഷ്മളത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവവുമായി ഊഷ്മളബന്ധം പുലർത്തിയ ചില വ്യക്തി ജീവിതങ്ങളെ തിരുവചനം നമുക്കു പരിചയപ്പെടുത്തിത്തരുന്നു. ഇയ്യോബ്, ദാവീദ്, ദാനീയേൽ. ഭക്തനായ ദാവീദിനെകുറിച്ച് ഇപ്രകാരം പരാമർശിച്ചിരിക്കുന്നു. എന്റെ ഹൃദയ പ്രകാരമുള്ളവൻ, ദാനീയേലിനെക്കുറിച്ച് ഇപ്രകാരം ഏറ്റവും പ്രിയപുരുഷനായ ദാനിയേലേ എന്നാൽ ഇയ്യോബിന്റെ സ്വഭാവങ്ങളും കൂടി എടുത്തു പറഞ്ഞു പരാമർശിച്ചിരിക്കുകയാണ് തിരുവചനത്തിൽ

ഇയ്യോബിന്റെ അറിവാണ് ദൈവത്തോടുള്ള ഈ ഊഷ്മളബന്ധത്തിനു കാരണം. എന്താണത്? ഇയ്യോബ് 19:25-26-27 ഇപ്രകാരം കാണുന്നു "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും; അന്യനല്ല, എന്റെ സ്വന്ത കണ്ണ് അവനെ കാണും".

ദൈവഭയത്തിലും, ഭക്തിയിലും മുന്നോട്ടു പോകുന്നവരുടെമേൽ ആപത്തുകളുടെയും, അനർത്ഥങ്ങളുടെയും കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോൾ, സർവ്വശക്തനായ ദൈവം അവരെ രക്ഷിക്കുവാൻ താമസിക്കുമ്പോൾ, ലോകം അവരുടെ ദൈവസന്നിധിയിലുള്ള പരമാർത്ഥതയെ ചോദ്യം ചെയ്യാറുണ്ട്. ലോകത്തിന്റെ വിമർശനങ്ങളുടെയും ആത്മീയ സ്നേഹിതരുടെ നിർദ്ദയമായ പരിഹാസങ്ങളുടെയും മുമ്പിൽ ഈ ദുർഘടമേടുകൾ ഒരു ദൈവപൈതൽ എങ്ങനെ തരണം ചെയ്യണമെന്ന് ഇയ്യോബിന്റെ പ്രതികരണം വിശദീകരിക്കുന്നു.

ഇയ്യോബിന്റെ ഭക്തിക്കെതിരെ സാത്താൻ ചില വാദമുഖങ്ങൾ ഉന്നയിക്കുന്നു. ദൈവം ഇയ്യോബിനും അവന്റെ ഭവനത്തിനും അവനുള്ള സകലത്തിനും നല്കിയിരിക്കുന്ന കാവലും അവനു കൊടുത്ത മൃഗസമ്പത്തും കാരണമാണ് ഭക്തിയെ മുറുകെ പിടിക്കുന്നതെന്ന് ഇയ്യോബ് 1:9-11 ൽ കാണുന്നു. എന്നാൽ ദൈവം സാത്താനോട് ഇയ്യോബിന്റെ ശരീരത്തു മാത്രം കൈവയ്ക്കരുതെന്നുള്ള വ്യവസ്ഥയിൽ ഇയ്യോബിനുള്ള സകലത്തെയും ഏല്പിച്ചുകൊടുത്തു. എന്നാൽ തന്റെ മൃഗസമ്പത്തു നഷ്ടമായിട്ടും മക്കളുടെ മരണവാർത്ത കേട്ടിട്ടും ദൈവത്തെ തള്ളി പറയാതിരുന്ന ഇയ്യോബ് സാത്താന്റെ പ്രതീക്ഷയെ തകർത്തു.

അടുത്ത വാദമുഖവുമായി സാത്താൻ ദൈവത്തിന്റെ സന്നിധിയിൽ ചെന്നപ്പോൾ ദൈവം സാത്താനോട് നീ എന്റെ ദാസനായ ഇയ്യോബിന്റെമേൽ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നേരുള്ളവനും, നിഷ്കളങ്കനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും ഭൂമിയിലാരുമില്ലല്ലോ. ഇയ്യോബിന്റെ ഭക്തിയെ തകർത്തുകളയുവാൻ ദൈവവുമായി അവൻ വ്യവസ്ഥ ചെയ്തു. പ്രാണനെ തൊടുകയില്ലായെന്നതാണ്. ഉള്ളം കാലുമുതൽ നെറുകെവരെ കഠിനമായ പരുക്കുകളാൽ പീഡിപ്പിച്ചു. തന്റെ ഭർത്താവിന്റെ അസഹ്യമായ വേദനയുടെ നടുവിൽ ഭക്തിയെ മുറുകെ പിടിക്കാതെ ദൈവത്തെ ഉപേക്ഷിക്കുവാൻ ഭാര്യ ഉപദേശിച്ചു. ഇയ്യോബിന്റെ സുദൃഢമായ വിശ്വാസത്തിന് ഭംഗമുണ്ടായില്ല. അങ്ങനെ ഭാര്യയുടെ ദൈവത്തിലുള്ള വിശ്വാസം അന്യമായപ്പോഴും ആശ്വസിപ്പിക്കു

വാൻ കടന്നുവന്ന മൂന്നു സ്നേഹിതരുടെ കുറ്റപ്പെടുത്തലുകൾ വൃണങ്ങൾ കൊണ്ടു നിറഞ്ഞ ശരീരത്തെപ്പോലെ മനസ്സിനെയും വ്രണിതമാക്കിയപ്പോഴും സകലവും നഷ്ടപ്പെട്ട്, എല്ലാവരാലും വെറുക്കപ്പെട്ട് ഉപേക്ഷിക്കപ്പെട്ട, താൻ വിശ്വസിക്കുന്ന തന്റെ ഏക ആശ്രയമായ ദൈവത്തിൽ നിന്നുപോലും മറുപടിയൊന്നും ലഭിക്കാതെ മരണത്തിന്റെ പിടിയിലമർന്നു കൊണ്ടിരുന്നപ്പോഴും ഇയ്യോബിന്റെ അറിവ് വിശ്വാസമായി പരിണമിച്ച് ഇങ്ങനെ പറയുന്നു. എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു. മരണാനന്തര ജീവിതത്തെ കുറിച്ചുള്ള പ്രത്യാശയാണ് ഈ ഊഷ്മളബന്ധത്തിനു കാരണം.

അവൻ തന്റെ ജനത്തെ സംരക്ഷിക്കുമെന്നും അവരുടെ പ്രാണൻ അവന്റെ ഉള്ളം കൈയ്യിൽ സുരക്ഷിതമാണെന്നുമുള്ള ബോദ്ധ്യം ഇയ്യോബിനുണ്ടായിരുന്നു. തന്റെ ഭക്തന്റെ ഓരോ ചലനത്തെക്കുറിച്ച് ശ്രദ്ധയുള്ളവനാണ് ദൈവമെന്ന് നീതിമാനായ ഇയ്യോബിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇയ്യോബിന്റെ അചഞ്ചലമായ വിശ്വാസമാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. ഇത്രയും പ്രതിസന്ധികളുടെ മദ്ധ്യത്തിലും ഇപ്രകാരം പറയുന്നു. അവൻ എന്നെ കൊന്നാലും ഞാൻ അവനെ കാത്തിരിക്കും. എന്നാൽ ഈ കാലഘട്ടത്തിൽ പ്രതിസന്ധികൾ തരണം ചെയ്യാതെ ജീവിതം അവസാനിപ്പിക്കുന്ന പ്രവണതയേറിവരുന്നു. തന്മൂലം നിത്യനരകത്തിനവകാശികളാകുന്നു അനേകരും. ഇന്ന് മനുഷ്യർ തങ്ങളുടെ വ്യർത്ഥബുദ്ധിക്കനുസരിച്ച് ജീവിക്കുന്ന കാലഘട്ടമാണല്ലോ? ദൃശ്യമാദ്ധ്യമങ്ങളുടെ അതിപ്രസരം തങ്ങളെ ദൈവസ്നേഹത്തിൽ നിന്നും ആത്മീയ കൂട്ടായ്മയിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുന്നു. ദൃശ്യമനോഹരമായ വിരുന്നുകൾ മിനിറ്റുകൾകൊണ്ട് മനുഷ്യരെ ദൈവത്തിൽ നിന്നുമകറ്റാൻ സാത്താൻ പദ്ധതി ഒരുക്കിവച്ചിരിക്കുന്നു. തന്മൂലം ദൈവജനമെന്നു അവകാശപ്പെടുന്നവർപോലും ഈയാംപാറ്റകളെപ്പോലെ ഈലോകമോഹങ്ങളിൽ അകപ്പെട്ടു പോകുന്നുവെന്നു നാം മറന്നുപോകരുത്.

ദൈവികസംസർഗ്ഗ കുറവു മുഖാന്തരം ദൈവമൊരുക്കിയ പരിപാവന ദാമ്പത്യബന്ധങ്ങൾ ആടിയുലഞ്ഞു നശിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രധാനകാരണം. ദൈവവ്യവസ്ഥവിട്ട് തങ്ങളുടെ വ്യർത്ഥ ബുദ്ധിക്കനുസരിച്ച് ദൈവഭയമില്ലാത്ത ഇണയെ തിരഞ്ഞെടുക്കുകയും അതു മുഖാന്തരം ഒരു വാക്കിലിടറിയാൽ പോലും തകരുന്ന ബന്ധങ്ങളായി രൂപപ്പെടുകയും ചെയ്യുന്നു. ഇതു മുഖാന്തരം ദാമ്പത്യബന്ധങ്ങൾ തകരുന്നു, വ്യക്തിബന്ധങ്ങൾ തകരുന്നു, കുടുംബബന്ധങ്ങൾ തകർക്കപ്പെടുന്നു. ദൈവത്തോടു സഹവാസമില്ലാത്തതിന്റെ പരിണതഫലങ്ങൾ. നാം ദൈവത്തോടു കൂടി വസിക്കാൻ തുടങ്ങുമ്പോൾ ക്ഷമിക്കാനും, സഹിക്കാനും, വഹിക്കാനും തുടങ്ങുമ്പോൾ ദൈവം കൂടെയുണ്ടാകുമെന്നുള്ളതാണല്ലോ ഭക്തനായ ഇയ്യോബിലൂടെ നാം കണ്ടത്.

സമയത്തിന്റെ ദൗർലഭ്യത്താൽ എല്ലാം ക്ഷണത്തിൽ നേടുവാനുള്ള മനുഷ്യന്റെ അഭിവാഞ്ഛ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം നാം ദൈവത്തിൽ നിന്നുമകലുന്നുവെന്നുള്ള യാഥാർത്ഥ്യം മറക്കാതെ ദൈവവുമായിട്ടുള്ള ഊഷ്മളബന്ധം നമുക്കും പുനഃസ്ഥാപിക്കാം. ലോകത്തിന്റെ മോഹങ്ങൾ നമ്മെ കീഴ്പ്പെടുത്തി ദൈവത്തെ ഉപേക്ഷിക്കുന്നവരാകാതെ സങ്കീർത്തനക്കാരനായ ദാവീദു പാടിയതുപോലെ ഞാൻ എപ്പോഴും വന്നു പാർക്കേണ്ടതിന് നീ എനിക്ക് ഉറപ്പുള്ള പാറയായിരിക്കേണമേ. ദൈവത്തോടു കൂടെയിരുന്ന ഭക്തന്മാരെപ്പോലെ നമ്മുടെ വാക്കുകളും, പ്രവൃത്തികളും, ചിന്തകളും, നോട്ടങ്ങളും, കൊടുക്കവാങ്ങലുകളും, നിരൂപണങ്ങളും എല്ലാം ദൈവത്തിന് പ്രീതികരമായി ജീവിക്കുവാൻ അത്യുന്നതന്റെ മറവിൽ വസിക്കാം, സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കാം. ഈ കാലഘട്ടത്തിലും നമുക്കോരോരുത്തർക്കും സർവ്വശക്തനിലുള്ള ഭക്തിയും വിശ്വാസവും സ്നേഹവും വർദ്ധിക്കുവാൻ കരുണാനിധിയായ കർത്താവ് നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കയും സഹായിക്കയും ചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

❑

# ലോകസംഭവങ്ങൾ ബൈബിൾ പ്രവചന വെളിച്ചത്തിൽ



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**1. ചിപ്പ് :-** ലോകത്തിൽ മിക്ക സ്ഥലത്തും വെളിപ്പെട്ടു തുടങ്ങി. ഇപ്പോൾ ബാങ്ക് ഇടപാടുകൾ തുടങ്ങി മിക്ക ഇടപാടുകൾക്കും, ആധാർ, പാൻകാർഡ്, രൂപേ കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ആവശ്യമായിരിക്കുന്നു. പിന്നെ റേഷൻ കാർഡ്, ഐഡെൻന്റിറ്റി കാർഡ് മുതലായവ അന്തിക്രിസ്തുവിന്റെ വരവിനോട് അടിസ്ഥാനപ്പെട്ടുള്ള കാര്യങ്ങൾ ആണ്. അതുപോലെ ഇന്ന് റേഷൻ കടയിൽ നിന്നും അരിയും സാധനങ്ങളും കിട്ടണമെങ്കിൽ വിരലടയാളം അവരുടെ ഈ-പേസ് മിഷ്യനിൽ പതിക്കണം. ആധാർ കാർഡ് എടുക്കണമെങ്കിൽ കണ്ണിന്റെ കൃഷ്ണമണിയുടെ നിറം വിരലടയാളം ഇതൊക്കെയുണ്ടെങ്കിലെ ലഭിക്കുകയുള്ളൂ. ഈ മുദ്രകൾ ഇല്ലാതെ സാധാരണക്കാർക്കു ഈ ഭൂമിയിൽ ജീവിക്കാൻ പ്രയാസമായി വരുകയാണ്. ബൈബിൾ വെളിച്ചത്തിൽ എന്തു പറയുന്നു എന്നു പരിശോധിക്കുമ്പോൾ യോഹന്നാൻ അപ്പൊസ്തലൻ എ. ഡി. 95 നോട് അടുത്ത് പത്മൊസ് ദ്വീപിൽ ആയിരുന്നപ്പോൾ യേശുക്രിസ്തു വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിനു ദൈവം അവന്നു കൊടുത്തു രേഖയാക്കിയ കാര്യങ്ങൾ ആണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. (വെളിപ്പാട് 13:1 മുതൽ 18 വരെ)വായിച്ചാൽ മനസ്സിലാക്കാം - 16-ാം വാക്യം ചെറിയവരും, വലിയവരും, സമ്പന്നരും, ദരിദ്രന്മാരും, സ്വതന്ത്രന്മാരും, ദാസന്മാരുമായ എല്ലാവർക്കും വലങ്കൈ മേലോ, നെറ്റിയിലോ മുദ്രകിട്ടുമാറ് മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ; വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു (13:18). ഇവിടെ ജ്ഞാനംകൊണ്ട് ആവശ്യം, ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു - "666" (2 തെസ്സ 2 :3 മുതൽ 8 വരെ) (വാ. 7).

അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോകമാത്രം വേണം അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും. പ്രിയ ദൈവമക്കളേ രക്ഷിക്കപ്പെട്ടവരായ നമുക്ക് ഒരു മുദ്രയും ഏൽക്കേണ്ട. നമ്മുടെ ആത്മീയ മണവാളൻ നമ്മെ മദ്ധ്യാകാശത്ത് ചേർക്കുവാൻ, പ്രതിഫലം തരുവാൻ വേഗം വരും. കാഹളനാദത്തിന്റെ ശബ്ദം കേൾക്കുവാൻ ഇനിയും അധികം താമസമില്ല. നമ്മളെ ചേർത്തതിനു ശേഷമേ മുകളിൽ വായിക്കുന്ന സംഭവങ്ങൾ നടക്കുകയുള്ളൂ. ഇനിയും കാലങ്ങൾ ഏറെയില്ല. ഇന്ന് ലോകത്ത് നടക്കുന്ന ഓരോ സംഭവങ്ങളും നമ്മുടെ പ്രാണപ്രിയന്റെ വരവ് അടുത്തു എന്ന് വിളിച്ചറിയിക്കുകയാണ്

**2. വാട്സാപ്പ് ദുരുപയോഗം :** ശാസ്ത്രം അതിന്റെ അത്യുച്ചനിലയിൽ നേട്ടങ്ങൾ കൊയ്തെടുത്തുകൊണ്ടിരിക്കുന്ന ഒരു നൂതന യുഗത്തിലാണ് നാം ജീവിക്കുന്നത്. ഓരോ ദിവസവും ശാസ്ത്ര സാങ്കേതിക, കാർഷിക മേഖലകളിൽ പുതിയ പുതിയ കണ്ടുപിടുത്തം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റും, ഈമെയിലും, വാട്സാപ്പ് തുടങ്ങിയ ആധുനിക സാമൂഹിക മാധ്യമങ്ങളും കൂടാതെ മനുഷ്യന് ജീവിക്കാൻ കഴിയാത്ത സ്ഥിതിയിലായി. വാർത്താ

മാധ്യമങ്ങൾ ഏതായാലും അതു നല്ലതുതന്നെ. എന്നാൽ അതുപയോഗിക്കുന്നതിനെ ആശ്രയിച്ചായിരിക്കും ഗുണവും ദോഷവും. ഈ കഴിഞ്ഞ കാലങ്ങളിൽ എത്രയോ കുരുന്നു ജീവിതങ്ങൾ ബ്ലൂവെയിൽ കളിച്ച് ആത്മഹത്യ ചെയ്തിരിക്കുന്നു. സെൽഫി എടുത്ത് എത്രയോ ജീവിതങ്ങൾ തങ്ങളുടെ ജീവിതം അവസാനിപ്പിച്ചതായി പത്രം മുഖാന്തരം വായിക്കുവാൻ ഇടയായി. ഓരോന്നും ഉപയോഗിക്കേണ്ടതുപോലെ കൈകാര്യം ചെയ്യാത്തതുകൊണ്ടാണ് ഇങ്ങനെ ഒക്കെ സംഭവിക്കുന്നത്. പ്രിയമുള്ളവരേ നമുക്കോ നമ്മുടെ കുഞ്ഞുങ്ങൾക്കോ ഇങ്ങനെയൊന്നും സംഭവിക്കാതെ കരുതലുള്ളവരായി ജീവിക്കാം.

ആധുനിക വാർത്താ മാധ്യമങ്ങൾ വന്നതോടെ ലോകത്തിൽ എവിടെയുമുള്ള വാർത്തകളും അതതു സമയങ്ങളിൽ ഫെയ്സ് ബുക്കു വഴിയും, വാട്സാപ്പ് വഴിയും അറിവാനും നിമിഷങ്ങൾക്കുള്ളിൽ പ്രചരിപ്പിക്കാനും സാധിക്കും. നല്ല വാർത്ത പ്രചരിപ്പിക്കുന്നത് ഏവർക്കും ഗുണം ചെയ്യും. മോശം വാർത്ത പ്രചരിപ്പിച്ചാൽ ദൂരവ്യാപകമായി ധാരാളം ദോഷം സമൂഹത്തിൽ വരുത്തിവയ്ക്കും. ഒരു ദൈവപൈതൽ മുഖേന ദൂരവ്യാപകമായ ദോഷം ദൈവജനത്തിന്റെ മദ്ധ്യത്തിലോ, സമൂഹത്തിലോ ഉണ്ടായാൽ അതിന്റെ സമാധാനം ദൈവസന്നിധിയിൽ ഒരുനാൾ പറയേണ്ടിവരും. ആ വിഷയത്തെക്കുറിച്ച് തിരുവെഴുത്തിലൂടെ ഒരു പരിശോധന നടത്താം. മോശമായ ഒരു വാർത്ത പ്രചരിപ്പിച്ചതുകൊണ്ട് എന്ത് നേട്ടം? ഇന്നു സഭയിൽ പലയിടങ്ങളിൽ നടക്കുന്ന പ്രശ്നങ്ങളും, വഴക്കുകളും അതുപോലെ പകർത്തിയെടുത്ത് വാട്സാപ്പിലും ഫെയ്സ്ബുക്കിലും മറ്റു വാർത്താ മാധ്യമങ്ങളിലും ഇടുകയും അതു കാണുന്നവർ, തങ്ങളുടെ സുഹൃത്തുക്കളുടെ അടുക്കലേക്ക് എത്തിച്ചുകൊടുക്കുകയും ചുരുങ്ങിയ ദിവസത്തിനകം ലോകം മുഴുവനും പാട്ടായിത്തീരുകയും ചെയ്യുന്നു. രഹസ്യത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ ക്യാമറയിൽ ഒപ്പിയെടുത്ത് പ്രചരിപ്പിച്ച് നിർവൃതിയടയുന്ന ആത്മീയ വിരുതന്മാരും നമ്മുടെയിടയിൽ ഉണ്ട്. ഇത് ചിലർക്ക് ക്രൂരവിനോദമായി മാറുന്നു. എന്നാൽ ഇന്റർനെറ്റും, വാട്സാപ്പ് ഒന്നും ഇല്ലാതിരുന്ന സമയത്ത് പോയ നാളുകളിൽ പണ്ട് നടന്ന ഒരു സംഭവം ബൈബിളിൽ വായിക്കുന്നുണ്ട്. അവിടെ നിന്നാണ് ഇപ്പോൾ നടക്കുന്ന ശാസ്ത്രീയ കണ്ടു പിടുത്തങ്ങൾ ലോകത്തിലേക്ക് വന്നത്. വാട്സാപ്പും, ഫെയ്സ്ബുക്കും, ഇന്റർനെറ്റും ദൈവജനത്തിന്റെ മദ്ധ്യത്തിൽ ദോഷകരമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കു ഒരു താക്കീത് തിരുവെഴുത്തിൽ തന്നിട്ടുണ്ട്. അതു ഇപ്രകാരം വായിക്കുന്നു (ഉത്പ. 9:25). നോഹയുടെ കാലത്തെ പ്രളയാനന്തരം നോഹ ഒരു മുന്തിരത്തോട്ടം നട്ടുണ്ടാക്കി. ഒരു ദിവസം നോഹ വീഞ്ഞുകുടിച്ചു മത്തുപിടിച്ചു വിവസ്ത്രനായി കൂടാരത്തിൽ കിടന്നു. എന്നാൽ നോഹ ചെയ്തത് തെറ്റാണ്. ദൈവഭക്തനായ നോഹയ്ക്ക് സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു. അങ്ങനെ ഒരു സംഭവം ഇന്നുണ്ടായാൽ ഉടനെ വാട്സാപ്പിൽ ചിലർമാത്രം ചിത്രം സഹിതം കൊടുക്കുമായിരുന്നു. അതുതന്നെയാണ് അവിടെ സംഭവിച്ചത്. ഹാം പിതാവിന്റെ നഗ്നത കണ്ടിട്ട് പുറത്തു ചെന്നു തന്റെ സഹോദരന്മാരോട് അറിയിച്ചു. ഈ ദുഃഖവാർത്തയറിഞ്ഞ ശേമും, യാഫെത്തും ഒരു വസ്ത്രം എടുത്ത് ഇരുവരുടെയും തോളിൽ ഇട്ട് വിമുഖരായി ചെന്ന് പിതാവിന്റെ നഗ്നത മറച്ചു. അവരുടെ മുഖം തിരിഞ്ഞിരുന്നതുകൊണ്ട് പിതാവിന്റെ നഗ്നത കണ്ടില്ല (ഉത്പ. 9:23). നോഹ ലഹരി വിട്ടുണർന്നപ്പോൾ തന്റെ ഇളയമകൻ കനാൻ ചെയ്തത് അറിഞ്ഞ് പിതാവിന്റെ ദോഷം മറ്റുള്ളവരോടു പറഞ്ഞു പരത്തി ലജ്ജിപ്പിച്ചത് ഓർത്ത് താൻ ദുഃഖിച്ചു. കനാൻ ശപിക്കപ്പെട്ടവൻ. അവൻ തന്റെ സഹോദരന്മാർക്ക് അധമദാസനായിത്തീരും എന്നു പറഞ്ഞു. അപ്പന്റെ ശാപം ഇന്നു

ആ തലമുറകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവരോട് പറയാൻ കൊള്ളാത്ത ഓരോ ദോഷവാർത്ത പറയുന്നവനും പ്രചരിപ്പിക്കുന്നവനും ശപിക്കപ്പെട്ടവരുടെ ഗണത്തിൽ വരും എന്നു നാം തിരിച്ചറിയേണ്ടതാണ്. ഇങ്ങനെയാണ് വാട്സാപ്പ്, ഫെയ്സ്ബുക്കും മറ്റ് തുടങ്ങിയത്. നാം വിതയ്ക്കുന്നത് നാം അല്ലെങ്കിൽ നമ്മുടെ കുടുംബത്തിലുള്ളവർ കൊയ്യും. നല്ലതും മനുഷ്യർക്കു ഗുണകരമായ വാർത്തകളും ദൃശ്യങ്ങളും പ്രചരിപ്പിച്ചാൽ അങ്ങനെയുള്ളതു മാത്രമേ നാം കൊയ്യുകയുള്ളൂ.

മത്തായി സുവിശേഷം ഒന്നാം അദ്ധ്യായം 19 മുതൽ 20 വരെ വായിച്ചാൽ ഇതിനു നല്ല മാതൃക കാട്ടിയ ഒരു നല്ല ദൈവഭക്തനാണ് മറിയയുടെ ഭർത്താവ് യോസേഫ്. അവൾക്കു ലോകാപവാദം വരുത്താതെ അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു എന്നാണ് വായിക്കുന്നത്. ഈ യോസേഫിനെ പോലെ മാതൃകയുള്ളവരായി നമുക്കും ജീവിക്കാം.

ഇന്നു ലോകത്തിൽ ആധുനിക ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ ധാരാളം പഴയനിയമത്തിലും പുതിയനിയമത്തിലും കാണുവാൻ സാധിക്കുന്നുണ്ട്. ഓരോന്നും എല്ലാവരും വായിച്ചിട്ടുള്ളതാണ്. ദാവീദിന്റെ ചരിത്രം വായിച്ചാൽ ദാവീദിനു സംഭവിച്ച കാര്യങ്ങൾ ശമൂവേലിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ പല കാര്യങ്ങളും ഒന്നാം നൂറ്റാണ്ടു മുതൽ 21-ാം നൂറ്റാണ്ടുവരെയും തുടർന്നു കൊണ്ടിരിക്കുന്നു. ഉത്പത്തി പുസ്തകം മുതൽ വെളിപ്പാട് വരെയുള്ള വചനത്തിൽ അന്നു നടന്ന ഓരോ സംഭവങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. പാപം വർദ്ധിക്കുംതോറും മനുഷ്യർ മൃഗങ്ങൾക്കു തുല്യരാകുന്നു. ദൈവത്തെയറിയാത്ത ജനം എന്താണ് ലോകത്തിൽ സംഭവിക്കാൻ പോകുന്നത് എന്ന് അറിയുന്നില്ല. നമ്മുടെ കർത്താവ് താമസംവിന വരും നമ്മെ ചേർക്കും.

❑

---

*2-ാം പേജ് തുടർച്ച... (**ഞങ്ങൾ എന്തു ചെയ്യേണം?**)*

വീഴുകയും കാഴ്ച നഷ്ടപ്പെടുകയും കർത്താവിന്റെ ശബ്ദം കേട്ട് ഇത് ദൈവത്തിന്റെ ഇടപെടലാണെന്ന് തിരിച്ചറിയുകയും ചെയ്തപ്പോഴാണ്, കർത്താവ് ചെയ്വാൻ അനുവദിക്കുന്നതല്ലാതെ മറ്റൊന്നും തനിക്കു ചെയ്വാൻ കഴികയില്ലെന്നുംകൂടെ അവൻ തിരിച്ചറിഞ്ഞത്. മറ്റൊന്നും തനിക്ക് കഴിയില്ലെന്ന തിരിച്ചറിവിലും എന്തു ചെയ്വാനുള്ള സന്നദ്ധതയോടെയുമാണ്, ഞാൻ എന്തു ചെയ്യേണമെന്ന് അവൻ ചോദിച്ചത്.

ഓരോ വചന കേൾവിയിലും വചന വായനയിലും നമ്മിൽ നിന്നും ഉയരേണ്ട ചോദ്യമാണ് കർത്താവേ ഞാൻ എന്തു ചെയ്യേണമെന്നത്. അതിന് ബാഹ്യമായതോ ആന്തരികമായതോ ആയ സമ്മർദ്ദങ്ങൾക്കു വേണ്ടി കാത്തിരിക്കേണ്ടതില്ല. മറ്റൊന്നും ചെയ്വാൻ കഴിവില്ലാത്ത അവസ്ഥയിൽ മാത്രമല്ല, അത്രത്തോളം എത്തിച്ചേരുന്നതിനു മുമ്പുതന്നെ അനുസരിക്കാനുള്ള സന്നദ്ധതയോടെ കർത്താവേ ഞാൻ എന്തു ചെയ്യേണമെന്നു നമുക്കു ചോദിക്കാം. അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു എന്ന മനോഭാവത്തോടും വിധേയത്വത്തോടും ദൈവസന്നിധിയിലിരുന്നാൽ അവൻ നമ്മുടെമേൽ ദൃഷ്ടിവച്ച് നമുക്കു ആലോചന പറഞ്ഞുതരും. ആലോചന ചോദിക്കുന്നവർക്കല്ലാതെ മറ്റാർക്കും അവൻ ആലോചന പറഞ്ഞു തരികയില്ല. ആകയാൽ അവൻ കല്പിക്കുന്നതു അനുസരിക്കുവാനുള്ള സന്നദ്ധതയോടെ അതേ ചോദ്യം നമുക്കും ചോദിച്ചുകൊണ്ടിരിക്കാം. അതിൻപ്രകാരം ജീവിക്കാം. ദൈവം കൃപ നല്കട്ടെ.

❑

# ഇതാ ഒരു പുതിയ മനുഷ്യൻ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

"വാടാ എല്ലാവരും. പാട്ടുകാരു വന്നിരിക്കുന്നു. പെണ്ണുങ്ങളും പാടുന്നുണ്ട്. നമ്മുടെ കുഞ്ഞുമോൻ ചാക്കോ സാറ് പ്രസംഗിക്കുന്നു". ബ്ലോക്കുകളിൽ നിന്നെല്ലാം തടവുകാർ ഇറങ്ങി വരുന്നുണ്ട്. വെള്ളമുണ്ടും വെള്ളമുറിക്കൈയ്യൻ ഷർട്ടും ധരിച്ചിട്ടുള്ള ഒരു കൂട്ടം ചെറുപ്പക്കാർ. കാന്റീനിൽ ചായ കുടിക്കുവാൻ പോയവർ ധൃതികൂട്ടുന്നു പാട്ടിന് സംബന്ധിക്കുവാൻ. ഉദ്യോഗസ്ഥന്മാർ പലരും ഗ്രൗണ്ടിൽ നിരന്നിട്ടുണ്ട്. നിരനിരയായി ചിട്ടയോടെ തടവുകാർ കുതിരലാടം (Horse shoe) ആകൃതിയിലാണ് ഇരിക്കേണ്ടത്. ഞങ്ങളുടെ പരിപാടിക്ക് എപ്പോഴും അവർ വളരെ അച്ചടക്കത്തോടെയാണ് പെരുമാറുന്നത്. പലപ്പോഴും പള്ളികളിലേക്കാൾ അച്ചടക്കമുള്ള അന്തരീക്ഷം ജയിലിലുണ്ട്.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

ഓരോ ബ്ലോക്കിൽനിന്നും വന്നവർ ഓരോ ഭാഗത്തിരിക്കുന്നു. പലരും പല കമന്റുകളും തട്ടിവിടുന്നുണ്ട്:

"ഇന്നു മുട്ടായി ഉണ്ടെന്നാ തോന്നുന്നത്". "എടാ പെന്തെക്കോസ്താണല്ലോടാ, കണ്ടില്ലേ വേദപുസ്തകം. നമ്മളെയെല്ലാം പെന്തെക്കോസ്താക്കാനുള്ള പരിപാടിയാണോടാ ഇത്? പുസ്തകക്കെട്ടുകൾ കണ്ടോ നമുക്കെല്ലാം ഉണ്ടെന്നു പറയുന്നത് കേട്ടു. ഏതായാലും ജയിലിൽ വച്ചെങ്കിലും ബൈബിൾ ഒന്നു വായിച്ചു കളയാം. ഏതായാലും ഇവർ തൊഴിലില്ലാ കമ്പനി ഒന്നുമല്ല. കണ്ടിട്ട് പത്തു ക്ലാസ് പഠിച്ചവരാണെന്ന് തോന്നുന്നു. ഇരുന്നു കളയാം. കേട്ടേക്കാം" വേറൊരു യുവാവായ തടവുകാരൻ പറഞ്ഞു, "തട്ടിപ്പാടാ, ഇതവരുടെ വയറ്റുപ്പിഴപ്പാ, നിന്റെ തോർത്ത് നിവർത്തിട്ട് ഞാനും ഇരിക്കട്ടെ". ഒരു സ്ഥിരം പുള്ളിയുടെ കമന്റ്.

ഗായക സംഘം ഒരുങ്ങുകയാണ്. ഞാൻ ചില പരിചയക്കാരായ തടവുകാരോടെല്ലാം സംസാരിച്ചു.

"രക്ഷിതാവിനെ കാൺക പാപി
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു"

ഗിത്താറും വയലിനും അക്കോർഡിയനും രാഗം ഏറ്റുപാടി. എല്ലാവരും നിശ്ശബ്ദരായി. ആയിരത്തിലധികം തടവുകാർ. മനുഷ്യനെ ചേരികളായി തിരിക്കുന്ന മതം, ധനം, നിറം, തത്ത്വചിന്തകൾ, പ്രായം ഇതിനൊന്നും ഇവിടെ സ്ഥാനമില്ല. എല്ലാവരും തടവുകാർ – ക്രിമിനൽസ് – സമൂഹത്താൽ വെറുക്കപ്പെട്ടവർ. രാജ്യത്തിന് ഭാരം. വീടുകളിൽ ദുഃഖം. പോലീസിനു തലവേദന, തടവുകാർ എല്ലാവരും തന്നെ മോഷണം, പോക്കറ്റടി, ഭവനഭേദനം എന്നിവ പതിവാക്കിയവരാണ്. ഹാബിചൽസ് (Habituals) എന്നറിയപ്പെടുന്നവർ. ഒരിക്കലും ശരിയാകാത്തവർ, എളുപ്പധനത്തിന്റെ (easy money) രുചിപറ്റിയവർ.

"പാസ്റ്ററെ, ഇവരൊക്കെ കേൾക്കും, തല കുലുക്കും. പക്ഷേ ക്രമപ്പെടുവാൻ പ്രയാസമാണ്. വെളിയിലിറങ്ങിയാൽ പോലീസ് നിലത്തു നിർത്തുകയില്ല. 110 എന്ന ഒരു വ്യവസ്ഥയുണ്ട്. ഇവരെ അകത്തിടുന്നത് പൊതുക്ഷേമത്തിനാവശ്യമാണ്. സ്വത്തും ജീവനും സംരക്ഷിക്കേണ്ട ധർമ്മവും ഗവൺമെന്റിനാണല്ലോ. ഏതായാലും നോക്ക് ഇതിലൊരുത്തൻ ശരിപ്പെട്ടാൽ ഒരു വൻ വിജയമാണ്." പെൻഷൻ പറ്റാറായ ഒരു ഉദ്യോഗസ്ഥൻ മീശതടവിക്കൊണ്ട് എന്നോടു പറഞ്ഞു. ഞാനദ്ദേഹത്തോട് ചെയ്തു തന്ന ഉപകാരത്തിന് നന്ദി

പറയുകയും ആരോഗ്യപൂർണ്ണവും സന്തോഷ കരവുമായ വാർദ്ധക്യകാലജീവിതം ആശംസി ക്കുകയും ചെയ്തു. ഗായകസംഘം ചില ഗാന ങ്ങൾ ആലപിച്ചു. പ്രസംഗിക്കുവാനുള്ള സമ യമായി.

ഉച്ചഭാഷിണിയുടെ മുമ്പിൽ നില്ക്കു മ്പോൾ എന്റെ ഓർമ്മയിൽ വന്നത് പെൻഷൻ പറ്റാറായ ആ ഉദ്യോഗസ്ഥന്റെ വാക്കുകളാണ്. “ഇതിലൊരുത്തൻ ശരിപ്പെട്ടാൽ ഒരു വൻ വിജ യമാണ്''. ഞാൻ മൗനമായി പ്രാർത്ഥിച്ചു ''ദൈവമേ വിജയം അവിടുത്തേത്. ഇവരെയെല്ലാം അങ്ങ് സ്നേഹിക്കുന്നു. ഒരു ജീവിതത്തെ എങ്കിലും പുതുതാക്കേണമേ”

“സുഹൃത്തുക്കളെ...” എന്നു തുടങ്ങി യപ്പോൾ എല്ലാവരും കൈയ്യടിക്കുവാൻ തുടങ്ങി. യേശുക്രിസ്തുവിനെ ക്രൂശിക്കുമ്പോൾ ഇടത്തും വലത്തുമായി രണ്ട് കള്ളന്മാരെ ക്രൂശി ച്ചിരുന്നു. അതിൽ ഒരുവൻ മോക്ഷം കണ്ടെത്തി. ഇതായിരുന്നു അന്നത്തെ പ്രസംഗവിഷയം. പ്രസംഗം എല്ലാവരും ശ്രദ്ധിച്ചതായി അനുഭവ പ്പെട്ടു. സമീപെ കിടക്കുന്ന കള്ളനെ സ്നേഹി ക്കുകയും മോക്ഷം നല്കുകയും ചെയ്ത യേശുദേവൻ ഏത് കഠിന ദ്രോഹം ചെയ്ത് ജയിലിൽ ആയ വ്യക്തിയെയും സ്നേഹിക്കു കയും ജീവിതത്തെ പുതുതാക്കി തീർക്കുകയും ചെയ്യും; നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ എന്നു പറഞ്ഞ് ഞാൻ അവസാനിപ്പിച്ചു. മീറ്റിംഗു കഴി ഞ്ഞു. ഓരോരുത്തർക്കും ബൈബിളും നല്കി. ജയിലിൽനിന്നും മടങ്ങിപ്പോരുമ്പോഴും എന്റെ ഉള്ളിൽ ഒരു ചോദ്യം തങ്ങിനിന്നു. “ഒരാളെ ങ്കിലും ശരിപ്പെടുമോ?”

തൃശൂർ വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു തടവുകാരൻ ദാസ് ആ രാത്രിയിൽ വേദ പുസ്തകം വായിക്കുവാൻ തുടങ്ങി. എല്ലാവരും ഉറങ്ങുമ്പോൾ താൻ പ്രാർത്ഥിച്ചു: “ക്രൂശിലെ കള്ളനെ രക്ഷിച്ച യേശുനാഥാ, ഞാനൊരു കള്ളനാണ്, എന്നെയും രക്ഷിക്കണം. എനിക്ക് മോക്ഷം തരണം. മോഷ്ടാവായി ഇനി ജീവി ക്കുവാൻ ആഗ്രഹിക്കുന്നില്ല, പട്ടിണി കിട ന്നാലും ഞാൻ മോഷ്ടിക്കുകയില്ല. യേശുദേ വനിൽ ഞാൻ ശരണപ്പെടുന്നു. എന്നെ ഒരു പുതിയ മനുഷ്യനാക്കി തീർക്കേണമേ. ഞാൻ ഇനി അദ്ധ്വാനിച്ച് ജീവിക്കും. എന്റെ കഴിഞ്ഞ കാല പാപങ്ങളെല്ലാം എന്നോട് ക്ഷമിക്കേ ണമേ” ജയിലിൽ നിന്നുള്ള ആ പ്രാർത്ഥന ദൈവം കേട്ടു. ഒരു കള്ളൻ മാനസാന്തരപ്പെ ടുന്നു ഒരു പാപി വിശുദ്ധനായിത്തീർന്നു.

ജയിലിൽ നിന്നിറങ്ങിയ ദാസിന് ജീവിതം ഭാരമുള്ളതായിത്തീർന്നു. ഭാര്യയും കുഞ്ഞുങ്ങളുമൊത്ത് ജീവിക്കണം. തൊഴിൽ കണ്ടെത്താൻ വിഷമം തൊഴിലുണ്ടായാൽ തന്നെ ആരെങ്കിലും ഒരു ജയിൽപുള്ളിക്ക് തൊഴിൽ നല്കുമോ? ഓടുന്ന ട്രെയിനിൽ ചാടി ക്കയറിപണവും പണ്ടവും വാരിക്കൂട്ടി ധൂർത്ത ടിച്ചവന് കൂലിയായി കിട്ടുന്ന പത്തോ പതി നഞ്ചോ എന്തുണ്ട്? ജയിലിൽവച്ച് ദൈവ ത്തോട് പ്രതിജ്ഞ ചെയ്തത് ഓർത്ത് അദ്ധ്വാ നിച്ചു ജീവിക്കണം. കിട്ടിയ ജോലിയോ ചുമ ടെടുക്കൽ. അതുതന്നെ തുടർന്നു. “മറ്റൊരു ത്തൻ വിയർത്ത് അദ്ധ്വാനിച്ചുണ്ടാക്കിയ പണം നിഷ്പ്രയാസം കൈയിലാക്കുവാൻ അഭ്യസിച്ച എനിക്ക് ചുമടു ചുമക്കുവാൻ ദൈവം കൃപ തന്നു” എന്നാണ് ദാസ് പിന്നീട് അതേക്കുറിച്ച് പറഞ്ഞത്.

തുടർന്നുള്ള ജീവിതത്തിൽ ദൈവത്തെ സ്നേഹിക്കുന്നവരെയും ബൈബിളിൽ വിശ്വ സിക്കുന്നവരെയും കണ്ടെത്തി. അവരുമായുള്ള ബന്ധത്തിൽ ഇന്ന് ജീവിക്കുന്നു. ഒരു ഡ്രൈവ റായി പണിയെടുക്കുന്നു. ജയിലുകളിലും വഴി ക്കവലകളിലും കൺവൻഷൻ പന്തലുകളിലും ‘ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി യാകുന്നു’ എന്ന് പ്രസംഗിച്ച് സ്വന്തജീവിതത്തെ മാതൃകയുള്ള സാക്ഷ്യമാക്കി മുന്നോട്ടു പോകുന്നു.

പ്രിയ വായനക്കാരാ, ജീവിതത്തിലെ ഏതു ദുഃസ്വഭാവത്തെയും മാറ്റാം, പുതിയ ജീവി തത്തിലേക്ക് പ്രവേശിക്കുവാനുള്ള ഒന്നാമത്തെ പടി അനുതാപമാണ്. തെറ്റുകളെയും കുറ്റങ്ങ ളെയും ഓർത്ത് പശ്ചാത്തപിക്കുക. പുതിയ സ്വഭാവവും ജീവിതവും നല്കുവാൻ കഴിയു ന്നവനിൽ വിശ്വാസം അർപ്പിക്കുക. നാളത്തെ പ്രഭാതം പ്രകാശപൂർണ്ണമാണ്. പ്രതീക്ഷ യോടും ആത്മധൈര്യത്തോടും നാളെയിലേക്ക് പ്രവേശിക്കുക. ഇന്നത്തെ പരാജയത്തെ ഓർത്ത് നെടുവീർപ്പിട്ട് സമയം പാഴാക്കരുത്. ഇന്നലത്തെ പരാജയത്തെ ഇന്നത്തെ അനു താപമാക്കിത്തീർത്താൽ അത് നാളത്തെ വിജ യമാണ്. ജീവിതത്തെ പുതുതാക്കിത്തീർക്കു വാൻ ശക്തനായ ശില്പിയെ തകർന്ന ജീവിതം ഭരമേല്പിക്കുക. ജീവിതം ധന്യമാകും. ❑

# അയ്യോ
# ഞാൻ ഉറങ്ങിപ്പോയി!



നിതിൻ എം. എം., വട്ടപ്പാറ

**അ**ടുത്തിടെ വായിക്കാനിടയായ ഒരു സംഭവകഥ വളരെ ഹൃദയസ്പർശിയായി തോന്നി. കേരളസംസ്ഥാന രൂപീകരണത്തിന് മുമ്പ് നടന്ന ഒരു സംഭവമാണ്. സർ സി. പി. തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്തിന്റെ ദിവാനായിരിക്കുന്ന കാലഘട്ടം. ആ നാട്ടിലെ ഒരു ചെറുപ്പക്കാരനായിരുന്നു ഗോപാലൻ. കമ്മ്യൂണിസത്തിന്റെ വളർച്ചയും സർ സി. പി.യുടെ കിരാതമായ ഭരണവും നാട്ടിൽ നടക്കുന്നു. കമ്മ്യൂണിസത്തിന്റെ ആശയത്തോടു തോന്നിയ ഗോപാലന്റെ താത്പര്യം തന്റെ യുവത്വം കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കും സർ സി. പിയുടെ കിരാതഭരണത്തിന്റെ അന്ത്യത്തിനുമായി അർപ്പിക്കുവാൻ ഗോപാലൻ തീരുമാനിച്ചു. വൈകാതെ ഗോപാലനും സർ സി. പി. യുടെ നോട്ടപ്പുള്ളിയായി മാറി. ഗോപാലനെ അറസ്റ്റ് ചെയ്യുവാൻ ഉത്തരവായി. ആയതിനാൽ ഗോപാലന് ഒളിവിൽ പോകേണ്ടിവന്നു. അതിനിടയിൽ പാവപ്പെട്ട ഒരു പെൺകുട്ടിയെ തന്റെ ജീവിതസഖിയാക്കുകയും ചെയ്തു. അവർക്ക് കുഞ്ഞുങ്ങളും ജനിച്ചു. അങ്ങനെയിരിക്കെ ഒരു നാൾ ഗോപാലൻ പിടിക്കപ്പെട്ടു. അന്നത്തെ തിരുവിതാംകൂർ കോടതിയുടെ മുമ്പിൽ ഗോപാലനെ ഹാജരാക്കുകയും ഗോപാലന്റെ മേൽ ചാർത്തപ്പെട്ട കുറ്റകൃത്യങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഗോപാലനെ അടുത്തദിവസം തന്നെ വധശിക്ഷയ്ക്കു വിധേയനാക്കുവാൻ അന്നത്തെ കോടതി വിധിച്ചു. വിവരമറിഞ്ഞ ഗോപാലന്റെ ഭാര്യ മക്കളേയും കൂട്ടി ബ്രിട്ടീഷ് ജനറലിന്റെ ഭവനത്തിലേക്ക് വന്നു. കൃത്യമായി വിവരമറിയാത്തതിനാൽ നിരവധി ഇടങ്ങളിൽ തന്റെ കുഞ്ഞുങ്ങളെയും കൊണ്ട് നടന്ന് അലഞ്ഞാണ് ആ സ്ത്രീ അവിടെയെത്തിയത്.

സായാഹ്നത്തിലെ കാപ്പി കഴിച്ച് കൊണ്ടിരുന്ന ജനറൽ പ്രവേശന കവാടത്തിൽ ഒരു സ്ത്രീ രണ്ട് കുഞ്ഞുങ്ങളുമായി നിന്ന് സുരക്ഷാ ഉദ്യോഗസ്ഥനോട് കേണ് അപേക്ഷിക്കുന്നത് കണ്ടു. ജനറൽ തന്റെ ഭൃത്യനെ അയച്ച് ആ സ്ത്രീയെ അകത്തേക്ക് കടത്തിവിടുവാൻ കല്പന നല്കി അയച്ചു. ആ സ്ത്രീ വന്നപാടേ ജനറലിനോട് കാര്യങ്ങൾ വിവരിച്ചു പറയുകയും തനിക്ക് ഭർത്താവിനെയും തന്റെ കുഞ്ഞുങ്ങൾക്ക് പിതാവിനേയും നഷ്ടപ്പെടുത്തരുത് എന്നും ഇനി മേലിൽ യാതൊരു വിധ പ്രവർത്തനത്തിലും അദ്ദേഹം ഇടപെടാതെ താൻ ശ്രദ്ധിക്കാമെന്നും പറഞ്ഞ് ജനറലിന്റെ കാലിൽ വീണ് ആ സ്ത്രീ കേണ് അപേക്ഷിച്ചു. മാതാവ് കരയുന്നത് കണ്ട് കുഞ്ഞുങ്ങളും കരയാൻ ആരംഭിച്ചു. അവരുടെ ദയനീയ സ്ഥിതി മനസ്സിലാക്കിയ ജനറൽ അദ്ദേഹം (ഗോപാലൻ) പൂജപ്പുര ജയിലിലാണ് ഉള്ളതെന്നും അദ്ദേഹത്തെ വിടുവിക്കാൻ വേണ്ട ഏർപ്പാട് ചെയ്യാമെന്നും ഉറപ്പ് നല്കി സമാധാനത്തോടെ അവരെ അയച്ചു. അവർ പോയശേഷം ജനറൽ തന്റെ പരിചാരകനെ അടുത്ത് വിളിച്ചു. ഒരു എഴുത്ത് എഴുതി ഭൃത്യനെ ഏല്പിച്ചു ഇത് എത്രയും വേഗം (നാളെ 5 മണിക്ക് മുമ്പ്) പൂജപ്പുര ജയിലിൽ എഴുത്ത് എത്തിക്കണമെന്ന് കല്പനയും കൊടുത്തു. ഭൃത്യൻ ഉടൻതന്നെ ജനറലിന്റെ വീട്ടിൽ നിന്നും തിരിച്ചു. കാൽനടയായി അദ്ദേഹം യാത്ര ആരംഭിച്ചു. സമയം രാത്രിയായി. പോകുന്ന വഴിയിലാണ് തന്റെ കുടുംബത്തിന്റെ കാര്യം ഭൃത്യന് ഓർമ്മ വന്നത്. പോകുന്ന വഴിയിലാണ് വീട്. വീട്ടിൽ കയറി ഭാര്യയെയും മക്കളെയും കണ്ടിട്ട് പോകാമെന്ന് കരുതി അദ്ദേഹം വീട്ടിൽ കയറി. വീട്ടിൽ എത്തിയിട്ട് നാളുകൾ അല്പം കഴിഞ്ഞതിനാൽ ഭാര്യയ്ക്കും മക്കൾക്കുമൊപ്പം അദ്ദേഹം സമയം ചെലവഴിച്ചു സന്തോഷിച്ചു. സമയം വളരെ

കടന്ന് പോയി അർദ്ധരാത്രിയായി. പുറത്ത് മഴയും തുടങ്ങി. ഭാര്യ പറഞ്ഞു ഈ രാത്രി യിൽ ഇനി യാത്ര പോകുന്നത് അപകടമാണ്. ആയതിനാൽ ഇന്ന് ഭവനത്തിൽ വിശ്രമിച്ച ശേഷം അതിരാവിലെ യാത്ര തുടരാനും അപേക്ഷിച്ചു. കുഞ്ഞുങ്ങളും അദ്ദേഹത്തെ പിരിയാൻ തയ്യാറായിരുന്നില്ല. ഒടുവിൽ അദ്ദേഹം തീരുമാനത്തിലെത്തി താൻ പോകു ന്നില്ല. അന്ന് രാത്രി അദ്ദേഹം കുടുംബത്തോ ടൊപ്പം ആഹാരം കഴിച്ചു ഉറങ്ങി. പ്രഭാതത്തിൽ ഉറക്കമുണർന്ന ഭൃത്യൻ കോപംകൊണ്ട് വിറ യ്ക്കാനായി തുടങ്ങി കാരണം സമയം ഇപ്പോൾ 6 മണി കഴിഞ്ഞിരിക്കുന്നു. തന്നെ അതിരാവിലെ വിളിച്ചുണർത്താത്തതിൽ ഭാര്യ യോടു കോപിച്ചുകണ്ട് അയാൾ ഓടാൻ ആരം ഭിച്ചു.

അവസാനം അദ്ദേഹം ഓടി പൂജപ്പുര ജയിലിനു മുന്നിലെത്തി. കഴിഞ്ഞ ദിവസം ജന റലിന്റെ വീട്ടിൽ താൻ കണ്ട സ്ത്രീ ഇതാ പ്രവേ ശന കവാടത്തിന്റെ അരികിൽ നില്ക്കുന്നു. കഴിഞ്ഞ ദിവസം രാത്രിയിൽ പെയ്ത മഴയിൽ നനഞ്ഞ് കുളിച്ചാണ് ആ സ്ത്രീയും കുഞ്ഞു ങ്ങളും അവിടെ നില്ക്കുന്നത്. ഇദ്ദേഹത്തെ കണ്ടതും നിറഞ്ഞ കണ്ണുകളോടെ ഈ മനു ഷ്യന്റെ നേർക്ക് ആ സ്ത്രീ രണ്ട് കൈകളും കൂപ്പി കരഞ്ഞ് കൊണ്ട് നില്ക്കുന്നു.

ഭൃത്യൻ സമയം പാഴാക്കിയില്ല. ജനറൽ തന്ന കത്തുമായി ജയിൽ വാർഡന്റെ മുറിയി ലേക്ക് ഓടി കത്ത് അവിടെ ഏല്പിച്ചു. കത്ത് വായിച്ച ജയിൽ വാർഡൻ തന്റെ ഇരിപ്പിടത്തിൽ നിന്നും ചാടി എഴുന്നേറ്റു വിളർന്ന വിറയ്ക്കുന്ന മുഖത്തോടുകൂടി ചോദിച്ചു. ഈ കത്ത് നിന്റെ കരത്തിൽ എപ്പോഴാണ് ലഭിച്ചത്. ഭൃത്യൻ മറു പടി നല്കി. ഇന്നലെ വൈകുന്നേരത്ത്. പിന്നെ നീ വൈകിയത് എന്ത്? ഞാൻ ഉറങ്ങിപ്പോയി എന്ന് ഭൃത്യൻ മറുപടി നല്കി. വാർഡൻ ഇപ്ര കാരം പറഞ്ഞു: ഹേ മനുഷ്യാ! കത്തിന്റെ ഉള്ള ടക്കം എന്താണ് എന്ന് അറിയാമോ? ഗോപാ ലൻ എന്ന മനുഷ്യനെ വിടുവിക്കുവാനുള്ള ഉത്തരവായിരുന്നു അത്. എന്നാൽ ഇന്ന് അതി രാവിലെ ആ മനുഷ്യന്റെ വധശിക്ഷ നടപ്പാ ക്കികഴിഞ്ഞു. താൻ കാരണം ആ മനുഷ്യന് ജീവൻ നഷ്ടമായി.

തലകുനിച്ച് കൊണ്ട് ജനറലിന്റെ ഭൃത്യൻ പുറത്തേക്ക് വരുമ്പോൾ പ്രതീക്ഷ മങ്ങാത്ത നിറഞ്ഞൊഴുകുന്ന കണ്ണുമായി തണുത്തു വിറങ്ങലിച്ചു നില്ക്കുന്ന ഗോപാ ലന്റെ ഭാര്യ. ഒരു വാക്ക് പോലും ഉരിയാടാൻ കഴിയാതെ കുനിഞ്ഞ തലയുമായി ഭൃത്യൻ നടന്ന് അകന്നു.

കർത്താവിൽ പ്രിയ വായനക്കാരേ, പലപ്പോഴും ഈ ഭൃത്യനെപ്പോലെയല്ലേ നമ്മിൽ ചിലരും. സകല ലോകത്തിന്റെയും രക്ഷയ്ക്കാ യുള്ള തിരുവചനമല്ലേ നമ്മുടെ കരത്തിൽ ദൈവം നല്കിയിരിക്കുന്നത്. ഈ ലോകം അഗ്നിക്കായി സൂക്ഷിച്ചിരിക്കുന്നു എന്നും തിരു വചനം പറയുന്നു (2 പത്രൊസ് 3:7). ആയതി നാൽ ദൈവം സകലരെയും രക്ഷിക്കുവാനായി തന്റെ ഏകജാതനായ പുത്രനെ ലോകത്തിൽ അയച്ചു (യോഹ. 3:16) രക്ഷാമാർഗ്ഗം ഒരുക്കി. ഈ കർത്താവിനെ ഹൃദയത്തിൽ സ്വീകരിക്കു ന്നവന് കർത്താവ് രക്ഷ നല്കുന്നു (റോമ 10:9). ഈ സന്ദേശം സർവ്വ ലോകവും അറിയിക്കാൻ കർത്താവ് നമ്മോടു പറഞ്ഞിരിക്കുന്നു (മ ത്തായി 28:19,20). എന്നാൽ പലപ്പോഴും നമ്മുടെ സ്വന്തം കാര്യം അതിനു വിലങ്ങായി തീരുന്നു. പലപ്പോഴും നാം അത് മറക്കുന്നു ചിലർ അതിൽ ഉറക്കം നടിക്കുന്നു. ചിലരാകട്ടെ അത് സുവിശേഷകന്മാർക്ക് മാത്രം നല്കപ്പെട്ട കല്പ നയായി കണ്ട് അവഗണിക്കുന്നു.

എന്നാൽ തിരുവചനം പറയുന്നു. നാം ഓരോരുത്തനും ക്രിസ്തുവിന്റെ ന്യായാസന ത്തിന്റെ മുമ്പാകെ നില്ക്കേണ്ടി വരുമെന്ന് (റോമ 14:10). അന്ന് നാം വ്യക്തിപരമായി കണക്ക് ബോധിപ്പിക്കേണ്ടിവരും. ആയതിനാൽ ഉറങ്ങുന്നവരായല്ല മറിച്ച് ഉണർന്നവരായി തന്നെ കർത്താവിന്റെ വയലിൽ ഉത്സാഹ ത്തോടെ നമുക്ക് അദ്ധ്വാനിക്കാം. അതിനായി നമുക്ക് കർത്താവിൽ കൂടുതലായി ശരണപ്പെടാം.

നാളെ നാം കർത്താവിന്റെ സന്നിധി യിൽ (ന്യായവിസ്താരത്തിൽ) ആയിരിക്കു മ്പോൾ അയ്യോ ഞാൻ ഉറങ്ങിപ്പോയി! എന്ന് പറയുവാൻ ഇടയാകരുത്. നാം കാരണം ആരും നിത്യനരകത്തിന് അവകാശിയാകുവാൻ പാടു ള്ളതല്ല. ആയതിനാൽ ഉണർന്ന് വിശ്വാസ ത്തിൽ നിലനിന്നുകൊണ്ട് ആത്മാവിന്റെ ശക്തി യോടെ സ്നേഹത്തിൽ കർത്താവിന്റെ വേല നമുക്ക് ചെയ്യാം (1 കൊരി 16:13,14). അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

❑

# ഇതു അന്ത്യകാലം: സഭാ ലക്ഷണങ്ങൾ



പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

**നാം** ഇന്ന് സന്തോഷത്തോടെ ജീവിക്കുന്നതിന്റെ പ്രേരകഘടകം നമുക്ക് നല്ല ഒരു നാളെ ഉണ്ടാകുമെന്നുള്ള പ്രത്യാശയുള്ളതുകൊണ്ടാണ്. ഇന്നത്തേക്കാൾ മോശമായ നിരാശയുണ്ടാക്കുന്ന ദിനമായിരിക്കും നാളെയെന്ന് ഒരാൾക്ക് തോന്നിയാൽ അയാളുടെ ജീവിതം ഇരുളടഞ്ഞതായി മാറും. ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന് ഒരു ഭാഗ്യകരമായ പ്രത്യാശയുണ്ട്. അധികം താമസിക്കാതെ കർത്താവുമൊന്നിച്ചുള്ള നിത്യത എന്ന ഭാഗ്യകരമായ പ്രത്യാശയുള്ളതുകൊണ്ടാണ് നാം ഇന്നുള്ള നമ്മുടെ നൊടിനേരത്തേക്കുള്ള കഷ്ടത സാരമില്ലെന്ന് എണ്ണുന്നത്.

യേശുക്രിസ്തുവിന്റെ രണ്ടാം വരവ് വിശ്വാസികളുടെ ഇടയിലുള്ള ഒരു മിഥ്യാധാരണയോ, അന്ധവിശ്വാസമോ അല്ല. പ്രത്യുത നാം നെഞ്ചിലേറ്റുന്ന ഒരു പ്രത്യാശയും വിശ്വാസവുമാണ്. കഠിനമായ പീഡനത്തിലൂടെ കടന്നുപോകുമ്പോഴും ഈ ഒരു പ്രത്യാശയാണ് ദൈവമക്കളെ വിശ്വാസജീവിതത്തിൽ ഉറപ്പിച്ചു നിർത്തുന്നത്. കർത്താവും, അപ്പൊസ്തലന്മാരും ചൂണ്ടിക്കാണിച്ച ലക്ഷണങ്ങൾ പരിശോധിച്ചാൽ നമ്മുടെ ജീവിതകാലത്തിൽത്തന്നെ (ഇരുപത്തൊന്നാം നൂറ്റാണ്ട്) യേശുക്രിസ്തു തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ വരുമെന്ന് പ്രതീക്ഷിക്കാം.

തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള രണ്ടാം വരവിന്റെ ലക്ഷണങ്ങൾ ഈ കാലഘട്ടത്തിലെ സംഭവവികാസങ്ങളുമായി വളരെയധികം യോജിക്കുന്നതാണെന്ന് ഏതൊരു നിഷ്പക്ഷ പഠിതാവിനും ബോധ്യമാകുന്നതാണ്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ ക്രിസ്തുവിനുവേണ്ടി ജീവിതവിശുദ്ധിയോടെ ഒരുങ്ങി കാത്തിരിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

അതുകൊണ്ട് കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങൾ നാം പരിശോധിക്കുമ്പോൾ ദൈവസഭയിലേക്ക് നുഴഞ്ഞു കയറിയിരിക്കുന്ന അശുദ്ധിയും ദുരുപദേശങ്ങളുമൊക്കെ സഭാ ലക്ഷണങ്ങളായിരിക്കുമല്ലോ. സൂക്ഷ്മതയോടെ വേദപഠനം നടത്തുന്ന ഏതു വ്യക്തിക്കും മനസ്സിലാക്കാൻ പറ്റുന്ന കാര്യമാണ് ഇക്കാണുന്ന ലോകസംവിധാനങ്ങൾ ഒരു പരിസമാപ്തിയിലേക്ക് അതിവേഗം അടുത്തുകൊണ്ടിരിക്കുകയാണെന്ന്. അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരുമെന്നാണ് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

നാശകരമായ അന്ത്യകാലത്ത് മനുഷ്യന് സംഭവിക്കുന്ന മാറ്റങ്ങൾ നാം സുക്ഷ്മമായി പരിശോധിച്ചാൽ കർത്താവിന്റെ വരവ് ഏറ്റവും അടുത്ത് എന്ന് നിസ്സംശയം പറയാവുന്നതാണ്. അന്ത്യകാലത്ത് മനുഷ്യൻ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും തുടങ്ങി അവന്റെ നാശകരമായ അവസ്ഥയെക്കുറിച്ച് തിരുവചനം വ്യക്തമായ മുന്നറിയിപ്പു തരുന്നുണ്ട്. അക്കാലത്ത് മനുഷ്യൻ എങ്ങനെയായിത്തീരുമെന്നതിന്റെ ഒരു പട്ടിക തന്നെ തിമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനം മൂന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യൻ നാശകരമായ അവസ്ഥയിലേക്ക് മാറ്റപ്പെടുമെന്ന് പറഞ്ഞാൽ ചിലർ അതിന് ഒരു മറുവാദം പറയാറുണ്ട്. പണ്ടും മനുഷ്യൻ ഇങ്ങനെയൊക്കെത്തന്നെ ആയിരുന്നു എന്ന്. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും നാം എടുത്ത് പ്രത്യേകമായി പഠിച്ചാൽ പണ്ട് മനുഷ്യൻ അങ്ങനെയായിരുന്നില്ലെയെന്നു മനസ്സിലാക്കാം.

ഉദാഹരണത്തിന് ചില മനുഷ്യർ പണ്ടും സ്വസ്നേഹികൾ ആയിരുന്നു. അന്ന് അവർ സ്വസ്നേഹം കാണിച്ചിരുന്നത് ഒരു പക്ഷെ ഒരു നേരത്തെ ആഹാരത്തിനു

വേണ്ടിയായിരിക്കണം അല്ലെങ്കിൽ പെൺമക്കളെ കെട്ടിച്ചുവിടുന്നതിനായി അല്പം സ്വാർത്ഥതയൊക്കെ കാണിച്ചുകാണുമായിരിക്കും. അതൊക്കെ അവഗണിക്കാവുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ ഇന്ന് അതാണോ സ്ഥിതി? പണ്ട് സ്വസ്നേഹം മൂത്ത് കാമുകനുമായി കഴിയുന്നതിനുവേണ്ടി, ഭർത്താവിനെയും പിഞ്ചുകുഞ്ഞുങ്ങളെയും കൊല്ലുന്ന വീട്ടമ്മമാരെക്കുറിച്ച് കേട്ടിട്ടുണ്ടോ? പണ്ട് മദ്യപിച്ച് വന്ന് മാതാപിതാക്കളെ ആക്രമിക്കുന്ന മക്കളെക്കുറിച്ച് നാം കേട്ടിട്ടുണ്ടോ. എന്നാൽ സ്വന്തകുഞ്ഞിനെ ചുട്ടുകൊല്ലുന്ന അമ്മമാരെക്കുറിച്ചുള്ള വാർത്തകൾ ഇന്ന് സാധാരണയായി കേൾക്കുന്നു.

പണ്ടും ദ്രവ്യാഗ്രഹികൾ ഉണ്ടായിരുന്നു. ഇൻഷുറൻസു തുക തട്ടിയെടുക്കുന്നതിന് ഒരു ചെറുപ്പക്കാരനെക്കൊന്ന് കാറിനുള്ളിൽ ഇട്ട് കത്തിച്ച കാര്യം പണ്ട് നമ്മുടെ നാടിനെ നടുക്കിയ സംഭവമായിരുന്നു. ഇന്നായിരുന്നെങ്കിൽ ഇക്കാര്യം കേട്ടിട്ട് നാട് നടുങ്ങുമോ? അന്ന് അന്യനെ ദ്രവ്യാഗ്രഹത്തിന്റെ പേരിൽ ഉപദ്രവിച്ചിരുന്ന ചിലരൊക്കെ ഉണ്ടായിരുന്നു. ഇക്കാലത്ത് ഇൻഷുറൻസ് തുക തട്ടിയെടുക്കാൻ സ്വന്തഭാര്യയെയും പിഞ്ചുകുഞ്ഞുങ്ങളെയും കുളത്തിൽ മുക്കിക്കൊന്ന സംഭവം നടന്നിട്ട് അധിക കാലമായില്ല. പണ്ട് ആത്മീയരായ നമ്മുടെ പിതാക്കന്മാർ അവർക്ക് ദൈവംകൊടുത്ത സാമ്പത്തിക നന്മകൾ മറ്റുള്ള പാവപ്പെട്ടവർക്കായി വീതിച്ചു നല്കുന്നതിൽ സന്തോഷമുള്ളവരായിരുന്നു. ഇന്ന് ക്രിസ്തീയ സഭകൾ നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് സഭാ നേതൃത്വത്തിലുള്ള ചിലരുടെ ദ്രവ്യാഗ്രഹം. തീർച്ചയായും ഇതു അന്ത്യകാലമായതുകൊണ്ടാണ് ആത്മീയഗോളം ദ്രവ്യാഗ്രഹത്തിന്റെ കൗശലവാക്കുകളിൽ പ്പെട്ടുഴലുന്നത്. പ്രാർത്ഥന കാട്ടേഷൻ എടുത്ത് പണം ഉണ്ടാക്കുന്ന ദ്രവ്യാഗ്രഹികളും ആത്മീയ ഗോളത്തിൽ വിഹരിക്കുന്നു എന്നത് വളരെ ദുഃഖകരമായ വസ്തുതയാണ്.

സാധാരണക്കാരെ അപേക്ഷിച്ച് സഭയുടെ ഉന്നതങ്ങളിലാണ് ദ്രവ്യാഗ്രഹത്തിന്റെയും അധികാരമോഹത്തിന്റെയും വേരുകൾ കൂടുതൽ ആഴ്ന്നിറങ്ങിയിട്ടുള്ളത്. അതുപോലെതന്നെ വമ്പുപറയുന്നവരും അഹങ്കാരികളും ആത്മീയ ഗോളത്തിനകത്തും വ്യാപിച്ചു തുടങ്ങി. സ്റ്റേജ്ഷോ നടത്തി തങ്ങളുടെ വരങ്ങളുടെ പ്രകടനം നടത്തുന്നവർ ധാരാളമായി ഇപ്പോൾ അരങ്ങുവാഴുന്നുണ്ടല്ലോ? ആൾ ദൈവങ്ങളും കള്ളപ്രവാചകന്മാരും അവിടവിടെ എഴുന്നേല്ക്കുന്നത് അന്ത്യകാല ലക്ഷണം തന്നെയാണല്ലോ. സകല തരികിടയും തട്ടിപ്പും നടത്തി ദൈവനാമം ദുഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. തരികിട വേലക്കാർ മേല്ക്കൈ നേടുന്നതോടുകൂടി കണ്ണീരോടു വിതയ്ക്കുന്ന, യഥാർത്ഥവേലക്കാർ പിൻതള്ളപ്പെടുന്നു. കള്ളനാണയങ്ങൾ ശുശ്രൂഷാരംഗത്ത് ധാരാളം വരാൻ തുടങ്ങിയതോടുകൂടി, നിഷ്ക്കളങ്കരായ, വചനനിശ്ചയമില്ലാത്ത ഒരുപാട് വിശ്വാസികൾ വഞ്ചിക്കപ്പെടുന്നു. ക്രമേണ ഇങ്ങനെയുള്ളവർ പിൻമാറിപ്പോകാനോ നിരീശ്വരവാദികളായി മാറാനോ സാദ്ധ്യതയുണ്ടല്ലൊ.

മാതാപിതാക്കളെ അനുസരിക്കാത്തവരും, ബഹുമാനിക്കാത്തവരുമായ പുതിയ തലമുറ എഴുന്നേറ്റ് കഴിഞ്ഞു. ചെരുപ്പിടാതെയും, മതിയായ ആഹാരമില്ലാതെയും, വെയിലത്തും, മഴയത്തും കഠിനാദ്ധ്വാനം ചെയ്ത് മക്കളെ പഠിപ്പിച്ച് ഉയർന്ന സ്ഥാനത്തെത്തിച്ച മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത വിശ്വാസികളുടെ ഇടയിലും ഉണ്ടെന്ന കാര്യം ദുഃഖത്തോടെ രേഖപ്പെടുത്തട്ടെ.

ഇന്ന് നമ്മുടെ സഭകളിൽ അജിതേന്ദ്രിയന്മാർ വർദ്ധിച്ചുവരുന്നില്ലേ? സ്വയം നിയന്ത്രിക്കാൻ കഴിയാത്ത തരത്തിലുള്ള പോർവിളികളും, ചീത്തവിളികളും, പരസ്പരമുള്ള വെല്ലുവിളികളും, എല്ലാം സാധാരണമായിക്കൊണ്ടിരിക്കുന്നു. വിശുദ്ധിയും ദൈവഭയവും നമ്മുടെ പഴമക്കാരുടെ ബുദ്ധിമോശമാണെന്നുവരെ പറയുന്നവർ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. അശുദ്ധിയോട് പറ്റിച്ചേർന്ന് നില്ക്കുന്നവരെ മാറ്റി നിർത്തുവാൻ കഴിയാത്ത അവസ്ഥ സഭകൾക്ക് വന്നുഭവിച്ചു കഴിഞ്ഞു. ഇണങ്ങാത്തവർ (ക്ഷമിക്കാൻ കഴിയാത്തവർ) സഭകളിൽ വർദ്ധിച്ചതു കാരണം സഭകൾ പൊട്ടിപ്പിളർന്ന്, നാട്ടുകാരുടെ മുമ്പിൽ അപഹാസ്യരായി മാറുന്നു. ഇതെല്ലാം കണ്ടും കേട്ടും പുതിയ വിശ്വാസികൾ വിശ്വാസജീവിതത്തിൽ

*ശേഷം 26-ാം പേജിൽ കാണുക*

# സഫലമീ യാത്ര



പാസ്റ്റർ എ.ജെ. ജോൺ കൊഴുവല്ലൂർ

വിശ്വാസികളുടെ പിതാവായ അബ്രാഹാം തന്റെ ദാസനെ ഏല്പിച്ച ദൗത്യം വിജയിച്ചപ്പോൾ അബ്രാഹാമിന്റെ ദാസന്റെ പ്രതികരണം ഇപ്രകാരമായിരുന്നു "യഹോവ എന്റെ യാത്ര സഫലമാക്കിയിരിക്കുന്നുവല്ലോ" (ഉത്പ. 24:56). ഉത്പത്തി പുസ്തകത്തിലെ അമ്പത് അദ്ധ്യായങ്ങളിൽ ഏറ്റവും വലിയതു 24-ാം അദ്ധ്യായമാണ്. വൃദ്ധനായ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിന് ഭാര്യയെ കണ്ടെത്തുന്നതിനായി ദാസനെ ദൗത്യം ഏല്പിക്കുന്നതാണ് ഈ അദ്ധ്യായത്തിലെ വിഷയം. 67 വാക്യങ്ങളുള്ള ഈ അദ്ധ്യായത്തിൽ ഇരുപതോളം പ്രാവശ്യം 'യഹോവ' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

അബ്രാഹാം പാർക്കുന്ന കനാൻദേശത്തുനിന്നും യിസ്ഹാക്കിന് ഭാര്യയെ എടുക്കരുതെന്നും അബ്രാഹാമിന്റെ സ്വദേശത്തുചെന്നു ചാർച്ചക്കാരിൽനിന്നും മകനു ഭാര്യയെ എടുക്കണമെന്നും അബ്രഹാം ദാസനോടു പറയുന്നു. സാറയുടെ മിസ്രയീമ്യ ദാസി ഹാഗാറും അതുതന്നെയാണ് ചെയ്തത്. യിസ്മായേൽ വളർന്നപ്പോൾ ഹാഗാർ മിസ്രയീമിൽ നിന്നാണ് അവനു ഭാര്യയെ കണ്ടെത്തിയത്. ഇവിടെ അബ്രാഹാം ഹാഗാറിന്റെ മാതൃകയാക്കി എന്നു ഒരുപകുതിയിൽ പറയാമെങ്കിലും അതു പൂർണ്ണമായും ശരിയല്ല. അബ്രാഹാം ദാസനെ നിയോഗിച്ചതിനു പിന്നിൽ ദൈവിക നിയോഗമായിരുന്നു എന്നു വ്യക്തമാകുന്നതാണ് അനന്തര ചരിത്രം. അബ്രാഹാം വിട്ടുപോന്ന ദേശത്തേക്ക് മകനെ മടക്കി കൊണ്ടുപോകരുതെന്നും എന്നാൽ അവിടെ നിന്നും അവനു ഭാര്യ ആകാമെന്നുമുള്ള അബ്രാഹാമിന്റെ നിലപാട് ദൈവശാസ്ത്ര പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നത ഉണ്ടാക്കുന്നുണ്ട്. മെസോപ്പൊട്ടാമിയയിലെ ഊരിൽ ആയാലും കനാനിൽ ആയാലും വിഗ്രഹാരാധികൾ വിഗ്രഹാരാധികൾ തന്നെയല്ലേ എന്ന നിരൂപകരുടെ ചോദ്യം പ്രസക്തമാണെങ്കിലും അബ്രാഹാമിന്റെ നിലപാടിനു പിന്നിൽ ദൈവികനിയോഗമുണ്ട് എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളിലെ വിവാഹാലോചനയുമായി ബന്ധപ്പെട്ട അനവധി പാഠങ്ങളും തത്വ (principles)ങ്ങളും ഈ ഭാഗത്തു ദർശിക്കാവുന്നതാണ്. ഉത്പത്തി 24-ാം അദ്ധ്യായത്തിൽ പലപ്രാവശ്യം അബ്രാഹാമിന്റെ ദാസൻ എന്നു പറയുന്നതല്ലാതെ 'എലെയ്സർ' എന്നു ഒരിടത്തും പറയുന്നില്ല എങ്കിലും ഈ ഭാഗം ഉദ്ധരിച്ച് പ്രസംഗിക്കുന്നവരും പഠിപ്പിക്കുന്നവരുമെല്ലാം "എലയാസർ" എന്നുതന്നെ ഉറപ്പിച്ചു പറഞ്ഞു വരുന്നു; എന്നു മാത്രമല്ല പരിശുദ്ധാത്മാവിന്റെ സ്ഥാനത്താണ് "എലയാസറെ" ചിത്രീകരിച്ചിരിക്കുന്നതും. റിബെക്ക മണവാട്ടിയായ സഭയും യിസ്ഹാക്ക് മണവാളനായ ക്രിസ്തുവും എന്ന ചിത്രം പൊതുവെ അംഗീകരിക്കപ്പെട്ടതാണെങ്കിലും അബ്രാഹാമിന്റെ ദാസൻ റിബെക്കയ്ക്കും സഹോദരനും അമ്മയ്ക്കും, കൊടുത്ത വസ്ത്രം, ആഭരണം, സമ്മാനങ്ങൾ ഇവയെ വർണ്ണിച്ച് വ്യാഖ്യാനിച്ച് പ്രസംഗകർ കാടുകയറുന്നത് അഭിലഷണീയമല്ല.

ക്രിസ്തീയകുടുംബത്തിൽ വിവാഹ ആലോചന പ്രാർത്ഥനയോടെ ആരംഭിക്കണം എന്നും ദൈവികനടത്തിപ്പിനായി കാത്തിരിക്കണമെന്നും ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു. വിവാഹജീവിതത്തിലും കുടുംബബന്ധങ്ങളിലും ദൈവത്തിനുള്ള സ്ഥാനവും പ്രാധാന്യവും ഇവിടെ കാണാം. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്നത് പ്രമാണമായി സ്വീകരിക്കുന്നവർ അനുഗ്രഹിക്കപ്പെടും എന്നത് ശ്രദ്ധേയമാണ്. പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്ന ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരെ ദൈവം കൈവിടാതെ നേർവഴി

ക്കുതന്നെ നയിക്കും എന്നതിനു ഉദാഹരണ മാണ് അബ്രാഹാമിന്റെ ദാസന്റെ ദൗത്യ വിജയം.

അപരിചിതനായ ഒരു വഴിപോക്കന്റെ ഒട്ടകകൂട്ടങ്ങൾക്ക് വെള്ളം കോരിക്കൊടുക്കു വാൻ സന്നദ്ധത കാട്ടിയ യുവതിയുടെ നന്മ നിറഞ്ഞ മനസ്സ് ഏറെ ശ്ലാഘനീയമാണ്. പ്രതി ഫലം ഇച്ഛിക്കാതെ ചെയ്ത പ്രവൃത്തിക്കു തക്ക പ്രതിഫലം കിട്ടി അഥവാ കിട്ടാതിരിക്കില്ല എന്ന പാഠം ഇവിടെ കാണാവുന്നതാണ്. റിബെക്കയെ മണവാട്ടിയാം സഭയുടെ ചിത്ര മായി കാണുമ്പോൾ സഭയുടെ ദൗത്യവും ഇവിടെ ചേർത്ത് വായിക്കപ്പെടാവുന്നതാണ്. പ്രവൃത്തിയാലുള്ള അഥവാ സത്പ്രവൃത്തികൾ ആത്മരക്ഷയ്ക്ക് വഴിയൊരുക്കും എന്ന ദുരു പദേശം ഇവിടെ കടന്നുവരാൻ സാധ്യതയുണ്ട്. ആത്മരക്ഷ വിശ്വാസത്താൽ മാത്രമാണ് അതിനു സത്പ്രവൃത്തികൾ കാരണമല്ല.

അബ്രാഹാം തന്റെ ദാസനെ ദൗത്യം ഏല്പിക്കുമ്പോൾ സംശയം പ്രകടിപ്പിക്കുന്ന ദാസനെ വിശ്വാസികളുടെ പിതാവായ അബ്രാ ഹാം ധൈര്യപ്പെടുത്തുന്നത് 40-ാം വാക്യ ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ സേവിച്ചുപോരുന്ന യഹോവ തന്റെ ദൂതനെ നിന്നോടുകൂടെ അയച്ചു, നീ എന്റെ വംശത്തിൽനിന്നും പിതൃഭവനത്തിൽ നിന്നും എന്റെ മകനു ഭാര്യയെ എടുപ്പാന്തക്കവണ്ണം നിന്റെ യാത്രയെ സഫലമാക്കും". യഹോ വയാം ദൈവത്തിലുള്ള അബ്രാഹാമിന്റെ അചഞ്ചലമായ വിശ്വാസം കണ്ടുവളർന്ന ദാസൻ പിന്നെ സംശയിച്ചില്ല. വിവാഹസമ യത്ത് പുരുഷൻ സ്ത്രീക്കും സ്ത്രീയുടെ മാതാപിതാക്കൾക്കും പൊന്നും വസ്ത്രവും കൊടുക്കുന്ന പതിവാണ് അബ്രാഹാമിന്റെ കാലത്തുണ്ടായിരുന്നത്. കേരളത്തിലെ പ്പോലെ സ്ത്രീധനസമ്പ്രദായം അന്നുണ്ടായിരു ന്നില്ല. യേശുക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ ചിത്രമാണ് റിബെക്കയെങ്കിൽ, ആഭരണം ധരിച്ചാണ് റിബെക്ക വിവാഹത്തിനു പോയതെങ്കിൽ പുതിയനിയമസഭയിലെ സ്ത്രീകൾ ആഭരണം ധരിക്കുന്നതിൽ എന്താണ് തെറ്റ് എന്നു ചിലർ വാദിക്കുന്നു. റിബെക്കയുടെ ആഭരണങ്ങൾക്ക് ആത്മീയ അർത്ഥം ഉണ്ടെന്നും ഇന്നത്തെ സ്വർണ്ണാ ഭരണങ്ങൾ ലോകസ്നേഹത്തിന്റെ അടയാളമാ ണെന്നും മറുവാദം തുടരും. ആഭരണം ഉപേ ക്ഷിക്കുന്നത് വേർപാടിന്റെ അടയാളമായി ചിലർ എടുത്തുകാട്ടുന്നു. "പിന്നിയ മുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല — (1 തിമൊഥെ 2:10) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് സ്വർണ്ണം ഉപേക്ഷിക്കുകയും വിലയേറിയ വസ്ത്രം ധരിച്ചു നടക്കാൻ വ്യഗ്രത കാട്ടുകയും ചെയ്യുന്നതു വിരോധാ ഭാസമല്ലേ എന്നിങ്ങനെയും വാദപ്രതിവാദം നിലനില്ക്കുന്നു. സ്വർഗ്ഗത്തിലെ സ്വർണ്ണ തെരു വീഥി കണ്ടിട്ട് ഞാൻ മലങ്കരയിലെ ചെമ്മണ്ണു പാതയിലേക്ക് മടങ്ങിപ്പോരുകയാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ എന്ന ചോദ്യത്തിൽ ഒരു പരിഹാസം പതിയിരിപ്പു ണ്ടെങ്കിലും വേർപാടിന്റെ പേരിൽ സ്വർണ്ണം ഒഴിവാക്കുന്നവർ ആഡംബരത്തിൽ മിതത്വം സൂക്ഷിക്കാത്തത് ഭൂഷണമല്ല.

ഉത്പത്തി 24-ാം അദ്ധ്യായത്തിൽ മണവാളനായ ക്രിസ്തുവിനുവേണ്ടി പരിശു ദ്ധാത്മാവ് സഭയെ ഒരുക്കുന്ന ചിത്രം അലി ഗോറിക്കലായി (allegory, ദൃഷ്ടാന്തമായി) കാണാമെങ്കിലും റിബെക്കയെ ജീവിത ത്തിലുടനീളം മണവാട്ടിസഭയുടെ ചിത്രമായി കാണുന്നതിൽ അപകടം പതിയിരിപ്പുണ്ട്. വൃദ്ധനായ യിസ്ഹാക്കിനെ കബളിപ്പിച്ച് അനു ഗ്രഹം വാങ്ങുന്നതിനു യക്കോബിനെ പ്രേരി പ്പിച്ചതു റിബെക്കയാണ്, റിബെക്കയെ സഭ യുടെ ചിത്രമായി കാണാവുന്നത് ഉത്പത്തി 24-ാം അദ്ധ്യായത്തിൽ മാത്രമാണ്.

**അനുബന്ധം:**

കേന്ദ്രസാഹിത്യ അക്കാഡമിയുടെ അവാർഡിനു അർഹമായ ഒരു കവിതയാണ് "സഫലമീ യാത്ര ". ഡിഗ്രി വിദ്യാർത്ഥികളുടെ പാഠ്യവിഷയവുമായിരുന്നു. കവിയുടെ കാവ്യ ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ദാമ്പത്യത്തിലും ഭാര്യ ഒപ്പം ഉണ്ടായിരു ന്നതാണ് സഫലമീ യാത്രയുടെ ഇതിവൃത്തം. കവി എൻ. എൻ. കക്കാടു ക്യാൻസർ ബാധിതനായപ്പോഴും പ്രിയതമ കൂട്ടിനുണ്ടാ യിരുന്നു. സഫലമീയാത്ര എന്ന കവിത ഇങ്ങനെ അവസാനിക്കുന്നു:

വരിക സഖീ അരികത്തുചേർന്നു നില്ക്കൂ
നാം അന്യോന്യം ഊന്നുവടികളായ് നില്ക്കാം
ഹാ—— സഫലമീയാത്ര! ❑

# "എന്നെ മാറ എന്നു വിളിപ്പിൻ"

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



യിസ്രായേലിൽ ന്യായാധിപന്മാർ ന്യായപാലനം ചെയ്യുന്ന കാലത്ത് ജനം താന്താങ്ങൾക്കു ബോധിച്ചവിധം ജീവിച്ചുപോന്നു. ആ കാലഘട്ടത്തിൽ യെഹൂദയിലെ ബേത്‌ലഹേമിൽ ജീവിച്ചിരുന്ന എലീമേലെക്കും നൊവൊമിയും തന്റെ പുത്രന്മാരായ മഹ്ലോനും കില്യോനും അടങ്ങിയ കുടുംബത്തിൽ വളരെ സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതമായിരുന്നു. എങ്കിലും ആത്മീയമായ യാതൊരു കാഴ്ചപ്പാടും അവർക്കില്ലായിരുന്നു. ആ സമയത്ത് യിസ്രായേലിൽ ദൈവകോപം ക്ഷാമമായി നേരിട്ടപ്പോൾ, അനേക കുടുംബങ്ങൾ അതിനെ അതിജീവിച്ച് അവിടെ കഴിയുമ്പോൾ എലീമേലെക്കും കുടുംബവും ദൈവത്തിൽ ആശ്രയിക്കുകയോ ആലോചന ചോദിക്കുകയോ ചെയ്യാതെ ദൈവത്തിന്റെ സാന്നിദ്ധ്യം ഉള്ള ദേശം വിട്ട് പത്താം തലമുറപോലും ദൈവസന്നിധിയിൽ പ്രവേശിക്കരുത് എന്നു കല്പനയുള്ള മോവാബ് ദേശത്തു ചെന്നു പാർത്തു.

എന്നാൽ അധികനാൾ കഴിയുംമുമ്പെ എലീമേലെക്ക് മരിച്ചു. നൊവൊമി വിധവയായി. അപ്പോഴെങ്കിലും തനിക്കു നേരിട്ട ഖേദത്തെ ദൈവികമായ നിലയിൽ ചിന്തിച്ചുകൊണ്ട് തന്റെ മക്കളുമായി സ്വദേശത്തേക്കു അവൾക്കു തിരിച്ചു പോകാമായിരുന്നു. മോവാബ് ദേശത്ത് പിതാവിന്റെ നിയന്ത്രണമില്ലാതെ മക്കളെ വളർത്തുന്നത് വളരെ പ്രയാസമേറിയതായിരുന്നു. മക്കൾ വളർന്നു അവർക്കു വിവാഹപ്രായമായപ്പോൾ നൊവൊമി ആ ദേശത്തു നിന്നും മോവാബ്യ സ്ത്രീകളായ രൂത്തിനെയും ഒർപ്പായെയും അവർക്കു വിവാഹം കഴിച്ചുകൊടുത്തു. മക്കൾക്കു തുണകളെ അന്വേഷിച്ചപ്പോൾപോലും യിസ്രായേലിൽ ജനിച്ചു വളർന്ന നൊവൊമി ഇണയല്ലാപ്പിണ കൂടരുത് എന്ന ദൈവകല്പന ഓർത്തില്ല എന്നുള്ളത് ആശ്ചര്യമായിരിക്കുന്നു. പ്രിയ ദൈവമക്കളെ മാതാപിതാക്കൾ ദൈവഭയത്തിൽ ജീവിച്ച് മാതൃക കാണിച്ചെങ്കിൽ മാത്രമേ കുഞ്ഞുങ്ങൾ ആ വിധത്തിൽ വളർന്നു വരികയുള്ളൂ. ചെറുപ്രായത്തിൽ തന്നെ അവരെ ദൈവകല്പനകൾ പഠിപ്പിക്കുകയും തീരുമാനങ്ങൾ എടുക്കേണ്ട സമയങ്ങളിൽ ദൈവഹിതാനുസൃതമായ തീരുമാനങ്ങൾ എടുക്കുവാൻ അവരെ പഠിപ്പിക്കുകയും വേണം. മക്കളുടെ വിവാഹത്തോടുള്ള ബന്ധത്തിൽ ദൈവഹിതത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പാരമ്പര്യം, സാമ്പത്തികം, സൗന്ദര്യം, വിദ്യാഭ്യാസം എന്നിവക്കു പ്രഥമസ്ഥാനം കൊടുക്കുന്നതായി കണ്ടു വരുന്നുണ്ട്. ഇതു ദൈവത്തിനു പ്രസാദമാകുമോ എന്നു ചിന്തിക്കേണ്ടതുണ്ട്. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു (യാക്കോ. 4:4).

മഹ്ലോനും കില്യോനും എത്രകാലം ഭാര്യമാരോടൊത്തു കഴിഞ്ഞു എന്നറിയില്ല. എങ്കിലും രണ്ടു പേരും സന്തതികളെ ശേഷിപ്പിക്കാതെ മരണത്താൽ മാറ്റപ്പെട്ടു. മൂന്നു വിധവകൾ ശേഷിച്ചു. യഹോവ വീടുപണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. നൊവൊമിയുടെ ഹൃദയം വിങ്ങി. അവർ വിധവകളായ മരുമക്കളെ അടുത്തു വിളിച്ചു അവരോടു പറഞ്ഞത് യെഹൂദയിലെ ബേത്ത്‌ലെഹേമിൽ യഹോവയുടെ സംരക്ഷണത്തിലായിരുന്നു ഞങ്ങൾ ജീവിച്ചിരുന്നത് എന്ന് ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. മോവാബിലേക്കു ഞങ്ങൾ വരരുതായിരുന്നു. തന്റെ മക്കളെ യഹോവ ഭക്തിയിൽ വളർത്തിയിരുന്നുവെങ്കിൽ ഇങ്ങനെ ഒരവസ്ഥ വരില്ലായിരുന്നു. മക്കളെ യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ചു ഞാൻ വളരെ വ്യസനിക്കുന്നു (രൂത്ത് 1:13). നിങ്ങൾ നിങ്ങളുടെ അമ്മയുടെ വീട്ടിലേക്ക് മടങ്ങി പൊയ്കൊൾക, നിങ്ങളെ യഹോവ അനുഗ്രഹിക്കുമാറാകട്ടെ. ഇങ്ങനെ നൊവൊമി അവരെ നിർബന്ധിച്ചു. അപ്പോൾ ഒർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു മടങ്ങിപ്പോയി. രൂത്ത് അമ്മാവിയമ്മയോടു പറ്റിനിന്നു. എല്ലാം നഷ്ടപ്പെട്ടവളായ നൊവൊമി യഹോവയിൽ പൂർണ്ണമായി ആശ്രയിക്കുവാനും സ്നേഹിക്കുവാനും തുടങ്ങി. ഇതു രൂത്തിനെ ചിന്തിപ്പിച്ചു. കഷ്ടങ്ങളിലും നഷ്ടങ്ങളിലും യഹോവയിൽ പൂർണ്ണ ആശ്രയം

വെയ്ക്കുന്ന അമ്മാവിയമ്മയുടെ ദൈവസ്നേഹം കണ്ടപ്പോൾ യഹോവയുടെ മഹത്ത്വം തിരിച്ചറിഞ്ഞു അവൾ യഹോവയെ സ്നേഹിക്കുവാനും സേവിക്കുവാനും തുടങ്ങി. അവളുടെ പിതൃഭവനത്തെയും ചാർച്ചക്കാരെയും ദേശത്തെയും വിട്ട് താൻ കാണാത്തതും അറിയാത്തതുമായ ഭർത്താവിന്റെ ദേശത്തേക്ക് അമ്മാവിയമ്മയുടെ കൂടെ പോകുവാൻ അവൾക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്നു യോശുവ പറഞ്ഞതുപോലെ ഈ കൃപായുഗത്തിൽ അനേക വ്യക്തികളും കുടുംബങ്ങളും സകലവും വിട്ട് കർത്താവായ യേശുവിനെ അനുഗമിക്കുന്നു എന്നോർത്തു ദൈവത്തെ സ്തുതിക്കാം.

യെഹൂദയിലെ ബേത്ത്ലെഹേമിൽ വളരെ പ്രശസ്തി കേട്ട കുടുംബമായിരുന്നു നൊവൊമിയുടേത്. അവൾ എല്ലാവർക്കും വളരെ പ്രിയപ്പെട്ടവളായിരുന്നു. അതുകൊണ്ട് നൊവൊമി രൂത്തുമായി അവിടെ എത്തിയപ്പോൾ പട്ടണം മുഴുവൻ ഇളകിവന്നു. സ്ത്രീജനം ഇവൾ നൊവൊമിയോ എന്നു ചോദിച്ചു ആശ്ചര്യപ്പെട്ടു. ഭർത്താവിന്റെയും മക്കളുടെയും വേർപാട് അവളെ അത്രയ്ക്കു വിവശയാക്കിയിരുന്നു. പത്തുവർഷം മുമ്പു അവിടെ നിന്നും നിറകുടുംബവുമായി പോകുമ്പോൾ നല്ല ചുറുചുറുക്കുള്ള യൗവ്വനക്കാരത്തി ആയിരുന്നു. എന്നാൽ ഇന്നു കണ്ടാൽ തിരിച്ചറിയാത്തവിധം മാറിപ്പോയിരിക്കുന്നു. അവൾ പട്ടണവാസികളോടു എന്നെ നൊവൊമി എന്നല്ല മാറ എന്നു വിളിപ്പിൻ; സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു; യഹോവ എനിക്കു വിരോധമായി സാക്ഷീകരിക്കുകയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കുകയും ചെയ്തിരിക്കെ നിങ്ങൾ എന്നെ നൊവൊമി എന്നു വിളിക്കുന്നതെന്ത്? (രൂത്ത് 1:20,21)

എലീമേലെക്കിന്റെ കുടുംബം മോവാബിൽ വന്നു താമസിച്ചത് പട്ടിണിയില്ലാതെ സുഖമായി ജീവിക്കാനുള്ള മോഹമായിരുന്നു. എന്നാൽ സംഭവിച്ചത് എലീമേലെക്കും മഹ്ലോനും കില്യോനും മരണത്താൽ മാറ്റപ്പെടുകയായിരുന്നു. എലീമേലെക്കും കുടുംബവും മോവാബിൽ വന്നു താമസിച്ചില്ലായിരുന്നുവെങ്കിലും രൂത്തിന്റെ വീണ്ടെടുപ്പ് മറ്റൊരു വിധത്തിൽ യഹോവ ഒരുക്കുമായിരുന്നു. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു (യാക്കോ. 1:13-15). നൊവൊമിയോടുകൂടെ ബെത്ത്ലഹേമിൽ ജീവിതം ആരംഭിച്ച രൂത്ത് ധനികനായ ബോവസിന്റെ വയലിൽ അദ്ധ്വാനിക്കാൻ പോയി. അവിടെനിന്നും കിട്ടുന്നതുകൊണ്ട് സന്തോഷത്തോടെ അവർ അഹോവൃത്തി കഴിച്ചുപോന്നു. യിസ്രായേലിന്റെ വീണ്ടെടുപ്പു നിയമപ്രകാരം മരിച്ചവന്റെ ഏറ്റവും അടുത്ത ബന്ധുവിന് അവന്റെ അവകാശഭൂമി വാങ്ങുമ്പോൾ അവന്റെ പേരു നിലനിർത്താൻ അവന്റെ ഭാര്യയെയും വാങ്ങേണം എന്നുള്ളതുകൊണ്ട് ധനികനായ ബോവസ് മഹ്ലോന്റെ ഭാര്യയായ രൂത്തിനെ അവന്റെ ഭാര്യയായി എടുത്തു. അവർക്ക് ഒരു മകൻ ജനിച്ചു. സ്ത്രീജനം നൊവൊമിക്കു യഹോവ ഒരു വീണ്ടെടുപ്പുകാരനെ നല്കി എന്നു പറഞ്ഞു യഹോവയെ വാഴ്ത്തി. നൊവൊമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി അവന്നു ധാത്രിയായി തീർന്നു. നശിച്ചു പോകാമായിരുന്ന നൊവൊമിയുടെ ജീവിതം ദൈവസ്നേഹത്താൽ നിറഞ്ഞു ദൈവത്തെ സേവിച്ചപ്പോൾ നഷ്ടപ്പെട്ടുപോയ അവളുടെ ചൈതന്യം തിരികെ ലഭിക്കുകയും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളായി തീരുകയും ചെയ്തു.

പ്രിയ ദൈവമക്കളെ നാം ഭൂമിയിൽ പരദേശികളായി ജീവിക്കുന്നു. നമ്മുടെ സ്വദേശം സ്വർഗ്ഗമാണെന്നിരിക്കിലും ഇവിടെ നാം ജീവിക്കുമ്പോൾ പല സാഹചര്യങ്ങളാൽ പലസ്ഥലങ്ങളിൽ കൂടാരവാസികളായി ജീവിക്കേണ്ടിവന്നേക്കാം. അപ്പോൾ എല്ലാം നമ്മുടെ പോക്കു ദൈവഹിതാനുസൃതമാണോ എന്നു കർത്താവിനോടു ആലോചന ചോദിച്ചു പൂർണ്ണ സമ്മതപ്രകാരം മാത്രമായിരിക്കണം. അങ്ങനെയെങ്കിൽ നാം ചെല്ലുന്ന സ്ഥാനത്ത് ദൈവനാമം മഹത്ത്വപ്പെടുത്തി ജീവിക്കുവാൻ സാധിക്കും. നൊവൊമിയുടെ ജീവിതം വേദപുസ്തകത്തിൽ നമുക്കൊരു ഭയനിർദ്ദേശത്തിനായി രേഖപ്പെടുത്തിയിരിക്കുന്നു എന്നു ഓർക്കണം. നിറക്കുന്നതും ഒഴിക്കുന്നതും കർത്താവാണ്. അതുകൊണ്ട് ആ നുകത്തിൽ കീഴിൽ താണിരിക്കുമ്പോൾ ഒഴിഞ്ഞതിനെയും കർത്താവു നിറച്ചുതരും.

''ചിലപ്പോൾ ഒരുവഴി മനുഷ്യന്നു ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികൾ അത്രേ" (സദൃ. 16:25). ❑

# കുഞ്ഞുങ്ങൾ നഷ്ടമായാൽ



ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

എന്റെ മൂത്തമകൻ വിനോദിന്റെ മകൻ ദാനീയേൽ ഇക്കഴിഞ്ഞ ജൂണിൽ ഒരാഴ്ച എന്നോടൊപ്പം സമയം ചെലവഴിക്കാൻ വേണ്ടിമാത്രമായി അമേരിക്കയിൽ നിന്നും വന്നുമടങ്ങിപ്പോയി. കഴിഞ്ഞ സെപ്തംബറിൽ എന്റെ പ്രിയപത്നി അന്നമ്മ കർത്താവിന്റെ സന്നിധിയിൽ പ്രവേശിച്ചതിനുശേഷം എന്നെ സന്തോഷിപ്പിക്കയും സമാശ്വസിപ്പിക്കയും ചെയ്ത അവിസ്മരണീയവും അസുലഭവുമായ അനർഘനിമിഷങ്ങളായിരുന്നു ദാനീയേൽ എന്നോടൊപ്പം ചെലവഴിച്ച ആ ഒരാഴ്ചക്കാലം. കോളജ് വിദ്യാഭ്യാസാനന്തരം ക്യാമ്പസ് സിലക്ഷനിലൂടെ ലഭ്യമായ ആദ്യജോലിയിൽ ജൂൺ ഒന്നിനു പ്രവേശിക്കേണ്ടിയിരുന്ന എന്റെ ചെറുമകൻ, ശാരീരികാസ്വസ്ഥതകൾ കൈമുതലായി ക്ലേശിക്കുന്ന പിതാമഹനെ കാണാൻ ഇൻഡ്യയിൽ പോയിവന്ന ശേഷമേ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കയുള്ളു എന്ന തന്റെ നിർബ്ബന്ധത്തിനുവഴങ്ങിയാണ് അതിനുള്ള അനുമതി ലഭിച്ചത്. ദാനീയേലിനു ജോലിവാഗ്ദാനം ചെയ്തവരുടെ മഹാമനസ്കതയ്ക്കുമുമ്പിൽ നമോവാകങ്ങൾ.

ദാനി ഇങ്ങോട്ടു പുറപ്പെടേണ്ടതിന്റെ തലേദിവസം അവന്റെ മാതാവു അപ്രതീക്ഷിതമായി രോഗബാധിതയാവുകയും അവരുടെ പരിചരണാർത്ഥം അവൻ യാത്രാദൈർഘ്യം വെട്ടിച്ചുരുക്കുവാൻ നിർബ്ബന്ധിതനായെങ്കിലും ഒരാഴ്ചത്തേക്കെങ്കിലും അവൻ വരികയും ചെയ്തു എന്നത് എന്നെ ആശ്ചര്യഭരിതനാക്കി. ദാനിയുടെ തിരക്കിട്ട ഹ്രസ്വസന്ദർശനത്തിന്റെ പിന്നിലെ ചേതോവികാരം എന്തായിരുന്നു? അവനു അവന്റെ പിതാമഹനുമായുള്ള ആത്മബന്ധമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ദാനീയേലിനെക്കുറിച്ച് ഒരുവാക്കുകൂടി പറയുന്നത് ഉചിതമെന്നു കരുതുന്നു. ചെറുപ്രായത്തിൽത്തന്നെ അവൻ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കയും സ്വമാതാപിതാക്കളുടെ മാതൃകാപരമായ ക്രിസ്തീയ ജീവിതം കാണുകയും അവരുടെ ആത്മീയ ശിക്ഷണത്തിൽ വളരുകയും ചെയ്തതാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ അവന്റെ കുടുംബപശ്ചാത്തലം അവനെ ഇന്നത്തെ ദാനീയേലാക്കി രൂപപ്പെടുത്തി. വേദപുസ്തകത്തിലെ ദാനീയേലിനെ അനുസ്മരിപ്പിക്കുന്ന ഒരു ആത്മികഅതികായനാണ് ഈ ഇരുപത്തിരണ്ടുകാരനായ കമ്പ്യൂട്ടർ എൻജിനിയർ.

ഇനി അവൻ തിരഞ്ഞെടുത്ത ജോലിസ്ഥലത്തെക്കുറിച്ചുകൂടി ഒരു വിശദീകരണം ആവശ്യമാണ്. യൂണിവേഴ്സിറ്റിയിൽ സഹപാഠികൾക്ക് അവനൊരു ആത്മീയ മാർഗ്ഗദർശിയായിരുന്നുവെന്നു മാത്രമല്ല, ആരാധനയ്ക്കു അർഹമായ പ്രാധാന്യവും നല്കിയിരുന്നു. ഭവനാന്തരീക്ഷത്തിൽ നിന്നും സ്വതന്ത്രരാകുന്ന യുവതീയുവാക്കൾ സഭാബന്ധങ്ങളെ അവഗണിക്കയും ഉപേക്ഷിക്കയും ചെയ്യുന്നത് ഒരു ജീവിതശൈലിയായിമാറിയിരിക്കുന്ന ഈ കാലയളവിൽ ദാനീയേൽ തന്റെ യൂണിവേഴ്സിറ്റിക്കുസമീപം ആരാധനയ്ക്കും ആത്മികവളർച്ചയ്ക്കും ഉപയുക്തമായ സഭാകൂടിവരവു കണ്ടുപിടിക്ക മാത്രമല്ല, ആ സഭയുടെ ആത്മികശുശ്രൂഷകളിൽ സജിവ പങ്കാളിയാവുകയും ചെയ്തു. പഠനാനന്തരം ക്യാമ്പസ് സിലക്ഷനിലൂടെ സമാകർഷണീയമായ ജോലി ഇതരസ്ഥലങ്ങളിൽ ലഭ്യമായിട്ടും ക്യാമ്പസിനു സമീപമുള്ള സഭയുമായുള്ള ബന്ധം നിലനിർത്തുന്നതിനായി ആ പട്ടണത്തിൽ ലഭിച്ച ഒരുജോലിയിൽ ദാനീയേൽ സംതൃപ്തനായിരിക്കയാണ്. അവന്റെ മുൻഗണന, ധനസമ്പാദനം അല്ല എന്നതുതന്നെയാണ് അത്തരമൊരു തീരുമാനത്തിലേക്കു ദാനിയെ നയിച്ചത്. ദൈവത്തിനും

ദൈവവേലയ്ക്കും ജീവിതത്തിൽ മുഖ്യ സ്ഥാനം നല്കിയ ദാനീയേലിനെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

നാം ജീവിക്കുന്ന കാലഘട്ടത്തിലെ യുവാക്കളിൽ നിന്നും തുലോം വിഭിന്നനാണു ദാനീയേൽ. ഇന്നത്തെ യുവജനങ്ങളുടെ ജീവിതശൈലി നമുക്കൊന്നു അവലോകനം ചെയ്യുന്നത് ഇത്തരുണത്തിൽ ഉചിതമെന്നു കരുതുന്നു. സെൽഫോൺ, ടാബ്ലറ്റ്, കമ്പ്യൂട്ടർ ഇത്യാദി ആധുനീകോപാധികൾ, മാതാപിതാക്കൾ മക്കൾക്കു സ്നേഹത്തിനു പകരമായി കോരിച്ചൊരിയുന്ന പണം, അമിത സ്വാതന്ത്ര്യം, അനിയന്ത്രിത കൂട്ടുകെട്ടുകൾ, മക്കളിലർപ്പിക്കുന്ന അമിതവിശ്വാസം, ഇവയൊക്കെ ഉണ്ടെങ്കിലും അനേകം മാതാപിതാക്കൾക്കും മക്കളുടെ കാര്യങ്ങൾ നോക്കാനോ, അവരോടൊപ്പം സമയം ചെലവഴിക്കാനോ വേണ്ടത്ര സമയവും സാവകാശവും ഇല്ല. ഒന്നിനും സമയംകിട്ടുന്നില്ല എന്നു പറയുന്നവരോടു ഞാൻ പറയാറുണ്ട്, നമുക്കെല്ലാവർക്കും ദിവസത്തിനു ഇരുപത്തിനാലു മണിക്കൂർ ഉണ്ട്, ചിലർക്കു കൂടുതലും മറ്റുചിലർക്കു കുറവും ഇല്ല എന്ന്. എല്ലാവർക്കും തുല്യം. തുല്യതയ്ക്കുവേണ്ടി സമരം ചെയ്യേണ്ടതില്ല. സമയം ശരിയായി വിനിയോഗിച്ചാൽ മാത്രംമതി. നിങ്ങൾ ഒരു ദിവസം ചെയ്യാനുള്ള കാര്യങ്ങൾ എല്ലാം അക്കമിട്ടെഴുതുക. അതിനുശേഷം, അവ മുൻഗണനാക്രമത്തിലാക്കുക. ഏറ്റവും ഒടുവിൽ ചെയ്യേണ്ടവ പിറ്റേന്നു ചെയ്താലും മതിയെങ്കിൽ അവ അടുത്ത ദിവസത്തേക്കു മാറ്റിവയ്ക്കുക. ലിസ്റ്റിന്റെ ദൈർഘ്യം ഇതിനകം കുറഞ്ഞിരിക്കും. അവയിൽ, വേറൊരാൾ ചെയ്താലും മതി എന്നുള്ള കാര്യങ്ങൾ അവരെ ഏല്പിക്കുക (Delegate). നമ്മൾ തന്നേ ചെയ്യേണ്ടവയ്ക്കു അപ്പോൾ ആവശ്യത്തിലധികം സമയം ലഭ്യമാകുമെന്നുറപ്പാണ്. ഒന്നു പരീക്ഷിച്ചുനോക്കൂ.

മാതാപിതാക്കളായ നാം ഈ പെടാപ്പാടുപെടുന്നത് ആർക്കു വേണ്ടിയാണ്? നമ്മുടെ കുടുംബത്തിനുവേണ്ടിയല്ലേ? അങ്ങനെയെങ്കിൽ കുടുംബത്തോടൊപ്പം സമയം ചെലവഴിക്കാൻ നാം അവസരം കണ്ടെത്തിയേ മതിയാവൂ. മക്കളുടെ കാര്യത്തിൽ സജീവ ശ്രദ്ധ ആവശ്യമായിരിക്കുന്നത് അവർ സ്കൂളിലും കോളജിലും ഒക്കെ പഠിക്കുന്ന കാലയളവിലാണ്. അവരുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ അതുവരെ അവർക്കു ലഭിച്ചത്രയും ശ്രദ്ധ അവരുടെമേൽ ആവശ്യമില്ല. ശ്രദ്ധ ആവശ്യമുള്ളപ്പോൾ അവർ അവഗണിക്കപ്പെടുന്നതു കൊണ്ടല്ലേ അവർ ആരുടെയെങ്കിലുമൊക്കെ ശ്രദ്ധയാകർഷിക്കുവാൻ ഒരുമ്പെടുന്നത്? മാതാപിതാക്കൾ അവഗണിക്കുന്നുവെന്ന ചിന്തയല്ലേ അവരെ പരിധിവിട്ട ആൺ-പെൺ അനാശാസ്യ സുഹൃദ്ബന്ധങ്ങളിലേക്കു വഴിതിരിച്ചുവിടുന്നത്? കൈവിട്ടുപോയശേഷം പരിതപിച്ചിട്ടുകാര്യമില്ല.

വൃദ്ധരും ഗുരുക്കന്മാരും ഒക്കെ സംപൂജ്യരായിരുന്ന ഒരു കാലമുണ്ടായിരുന്നു കേരളത്തിൽ. എന്റെ മാതാപിതാക്കൾ ഇരുവരും അദ്ധ്യാപകർ ആയിരുന്നു. അവർ പഠിപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ എത്രയോ ആദരവോടെയാണ് അവർ ഇരുവരെയും ഇന്നും സ്മരിക്കുന്നത്! ഇന്നത്തെ തലമുറ ഗുരുക്കന്മാർ അവർ അർഹിക്കുന്ന ആദരവും അംഗീകാരവും നല്കുന്നില്ല എന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. കാലഘട്ടത്തിന്റെ മൂല്യച്യുതിയിലേക്കാണതു വിരൽ ചൂണ്ടുന്നത്. വളവും വെള്ളവും നല്കി ചെടി വളർത്തുന്നതുപോലെ കുട്ടികൾക്കു അറിവിന്റെ വെളിച്ചം പകർന്നു നല്കുന്ന ആ ശ്രേഷ്ഠജനത്തെ ആദരിക്കുവാനും അവർ അർഹിക്കുന്ന പരിഗണന നല്കാനും കുട്ടികളും രക്ഷിതാക്കളും ഒരുപോലെ കർമ്മോത്സുകർ ആകേണ്ടതാണ്. (പണ്ടൊക്കെ ഗുരുത്വദോഷം എന്നൊന്ന് ഉണ്ടായിരുന്നു; ഇന്നതില്ല എന്നു തോന്നുന്നു). പ്രശസ്തകലാലയങ്ങൾ ത്വരിതഗതിയിൽ കലാപാലയങ്ങളായി പരിണാമം പ്രാപിച്ചു കൊണ്ടിരിക്കുന്നു. തദ്വാരാ, കേരളസംസ്ഥാനത്തെ സ്വാസ്ഥ്യജീവിതം തന്നെ അനിശ്ചിതത്വത്തിലേക്കു വഴുതിവീണുകൊണ്ടിരിക്കയാണ്. അച്ചടക്കമോ ദിശാബോധമോ ഇല്ലാതെ വിദ്യാർത്ഥികൾ അപഥസഞ്ചാരം തുടരുന്നു. മക്കളുടെ സാന്നിധ്യത്തിൽ അധ്യാപകരെയോ ആത്മീയഗുരുക്കന്മാരെയോ മതമേലദ്ധ്യക്ഷന്മാരെയോ സ്വന്തം മാതാപിതാക്കളെയോ മറ്റാരെയുമോ വിമർശിക്കുന്നത് ആശാസ്യമായ പ്രവൃത്തിയല്ല. രക്ഷിതാക്കളെ അനുകരിച്ചാണു മക്കൾ വളരുന്നത് എന്ന വസ്തുത

വിസ്മരിക്കാൻ പാടില്ല. നിങ്ങളും വാർദ്ധക്യത്തിന്റെ പടവുകൾ കയറേണ്ടവർ ആണെന്നു ഓർക്കണം. നിങ്ങൾ ഉപയോഗിച്ച അതേ അളവുകോൽ തന്നെയായിരിക്കും അന്നു നിങ്ങളുടെ മക്കൾ ഉപയോഗിക്കുന്നത്. ഈ പോക്ക് അത്ര ശരിയാണെന്നു ആരും സമ്മതിക്കയില്ലെന്നാണ് എന്റെ വിശ്വാസം. എങ്കിൽ എന്താണു പരിഹാരമാർഗ്ഗങ്ങൾ?

ഏതാണ്ടു അറുപതോളം വർഷങ്ങൾക്കുമുമ്പ് എറണാകുളം ടൗൺ റയിൽവേ സ്റ്റേഷനിൽ നടന്ന ഒരുസംഭവം ഓർത്തു പോകുന്നു. റയിൽവേ പ്ലാറ്റ്ഫോമുകൾക്കു ഉയരം നന്നേ കുറവുള്ളകാലം. ഒന്നോരണ്ടോ മിനിറ്റുമാത്രം അവിടെ വണ്ടി നിർത്തുമ്പോൾ താഴെയുള്ള പ്ലാറ്റ്ഫോമിൽ നിന്നും പരസഹായം കൂടാതെ ട്രെയിനിൽ കയറിക്കൂടുക തികച്ചും ദുഷ്കരമായിരുന്നു. ഞാൻ തൃശ്ശൂരിലേക്കുള്ള യാത്രയിലാണ്. സീറ്റില്ലാഞ്ഞതു കൊണ്ട് വാതിലിനു സമീപമാണു ഞാൻ നിലയുറപ്പിച്ചിരുന്നത്. എന്നോടൊപ്പം കോളജിൽ ഡിഗ്രിക്കു പഠിച്ച ഒരു പെൺകുട്ടിയും അവളുടെ അമ്മാവനും കൂടെ എന്റെ കമ്പാർട്ടുമെന്റിന്റെ ഉള്ളിൽ പ്രവേശിക്കുവാനുള്ള സംരംഭത്തിലാണ്. ആ കാഴ്ചകണ്ടിട്ട്, ആ കുട്ടിക്കു ട്രെയിനിൽ കയറാൻ ഞാൻ കൈനീട്ടി അവളുടെ കൈയിൽ പിടിച്ച് ഒരുവിധത്തിൽ ട്രെയിനിനുള്ളിൽ വലിച്ചുകയറ്റി. ആ കുട്ടിയെ സഹായിക്കുവാൻ കഴിഞ്ഞല്ലോ എന്ന ചാരിതാർത്ഥ്യത്തോടെ നിന്ന എന്നെ നോക്കി അമ്മാവൻ പറഞ്ഞ കമന്റ് ഞാൻ മറന്നിട്ടില്ല. ''ഹാ, കൊള്ളാമല്ലോ''. സഹായിക്കാനാണെങ്കിൽ പോലും കുട്ടിയുടെ കൈയിൽ ഞാൻ പിടിച്ചതിലുള്ള അമർഷവും അസഹിഷ്ണുതയും അദ്ദേഹത്തിന്റെ ആ വാക്കിൽ അന്തർലീനമായിരുന്നു.

കുഞ്ഞുന്നാൾ മുതല്ക്കേ ആൺകുട്ടികളെയും പെൺകുട്ടികളെയും അനാവശ്യമായ കൂട്ടുകെട്ടുകളിൽ അന്തർലീനമായ അപകടങ്ങളെക്കുറിച്ച് ബോധവത്കരണം ചെയ്യണം. ഇക്കഴിഞ്ഞ ദിവസം വായിച്ച ഒരു ലേഖനത്തിൽ ഡോ. ജോൺ പൈപ്പർ എന്ന ദൈവദാസനോടു ഉന്നയിച്ച ഒരു ചോദ്യത്തിനു അദ്ദേഹം നല്കിയ ഉത്തരം ശ്രദ്ധേയമാണ്. അവിവാഹിതരായ ഒരാണും പെണ്ണും കൂടി രണ്ടാഴ്ചത്തെ വെക്കേഷനു പോകാൻ തയ്യാറെടുത്തു. പെൺകുട്ടിയുടെ മാതാവു ആ പ്ലാനിനെ അനുകൂലിച്ചില്ല. ഇക്കാര്യത്തിൽ ഡോ.പൈപ്പറിന്റെ അഭിപ്രായമെന്താണ്? രണ്ടുപേരും യഥാർത്ഥ വിശ്വാസികളൊക്കെയാണ്. ആത്മസംയമനം പാലിക്കാമെന്നുറപ്പുള്ളവർ. അവർ നല്ല സുഹൃത്തുക്കളും സഭയിലെ മാതൃകാവിശ്വാസികളും. പിന്നെന്താണ് അവരൊന്നിച്ച് രണ്ടാഴ്ചത്തെ വെക്കേഷൻ പങ്കിട്ടാലുള്ള കുഴപ്പം? എല്ലാം ശരിയാണ്, പക്ഷേ, വിവാഹത്തിനുമുമ്പ് ഒന്നിച്ചു വെക്കേഷനുപോകയോ ഒന്നിച്ച് ഹോട്ടലിൽ താമസിക്കയോ (വേറേവേറേ മുറികളിൽ ആണെങ്കിൽ പോലും) ചെയ്യുന്നത് അംഗീകരിക്കാൻ സാധ്യമല്ല. കാരണങ്ങൾ പലതാണ്. ഒന്നാമത്, അതു അവരുടെ സാക്ഷ്യജീവിതത്തെ തെറ്റിദ്ധരിക്കപ്പെടും. രണ്ടാമതായി പരീക്ഷകൾക്കു അവരുടെ പരസ്പരസാമീപ്യം കൂടുതൽ അനുകൂലസാഹചര്യമൊരുക്കുന്നു. മൂന്നാമതായി അവർ പരീക്ഷയിൽ പരാജിതരാകുമെന്നതിനു രണ്ടുപക്ഷമില്ല. നമ്മുടെയിടയിൽ ഇന്നീ പ്രവണത വേരൂന്നിക്കൊണ്ടിരിക്കയാണ്. ഒരു പ്രശസ്ത സെമിനാരിയിൽ തിയോളജി പഠിക്കാൻ പോയ ഒരു യുവാവും യുവതിയും പ്രണയബദ്ധരാവുകയും യുവതി ഗർഭവതിയായശേഷം പ്രാദേശികസഭയുടെ അനുഗ്രഹാശിസ്സുകളോടെ വിവാഹിതരാകയും ചെയ്തത് ഈ ലേഖകനു അറിയാവുന്ന വസ്തുതയാണ്. മാതാപിതാക്കളേ ഉണരുക. മക്കൾ നഷ്ടപ്പെട്ടാൽ പിന്നെ നാം ആർക്കു വേണ്ടിയാണു ജീവിക്കുന്നത്?

അങ്കിളേ, കാലം എത്രയോ മാറിപ്പോയി, അല്ലേ? ഇന്നത്തെ ആൺ-പെൺ സൗഹൃദങ്ങളെക്കുറിച്ചും വിവാഹേതര അവിശുദ്ധബന്ധങ്ങളെക്കുറിച്ചും ഇവിടെ വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ, രണ്ടു അങ്ങേയറ്റങ്ങളെ (extremes)ക്കുറിച്ചാണു നാമിവിടെ പ്രതിപാദിച്ചത്. പാരഡൈം ഷിഫ്റ്റെന്നു (Paradigm shift അഥവാ മാതൃകാമാറ്റം) ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കാം.

എന്താണു പരിഹാരം? ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ വാക്കുകളിൽ, ബാലൻ (ബാലികയും) നടക്കേണ്ടുന്ന വഴിയിൽ അവനെ (അവളെ) അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

(സദൃശ. 22:6). ഖേദമെന്നു പറയട്ടെ, ഇന്ന് അവർ നടക്കേണ്ടുന്ന വഴി അഭ്യസിപ്പിക്കുന്നതിനു പകരം, അവർ നടക്കുന്ന വഴിയേ അവരെ വിട്ടിരിക്കയാണ്. അഥവാ, അവർ പോകേണ്ടവഴി അവർതന്നെ നിശ്ചയിക്കുന്നു. മാതാപിതാക്കളിൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശത്തിനു അവർ കാത്തിരിക്കാറില്ല. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ മാതാപിതാക്കളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തമാണതെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. എന്റെ ചെറുമകൻ ദാനിയുടെയും അവന്റെ സഹോദരൻ യോശുവയുടെയും കാര്യത്തിലും എന്റെ എല്ലാ ചെറുമക്കളുടെയും കാര്യത്തിലും അവരുടെ മാതാപിതാക്കന്മാർ ആ ഉത്തരവാദിത്തം നിറവേറ്റുന്നു എന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ജോലിത്തിരക്കിനിടയിലും ദാനീയേൽ എന്നെ ടെലഫോണിൽ വിളിക്കാറുണ്ട്. ദീർഘനേരത്തേ സംസാരത്തിനൊടുവിൽ എല്ലായ്പ്പോഴും ദാനിക്കൊരു ചോദ്യമുണ്ട്. ഡാഡീ, ഞാൻ ഡാഡിക്കുവേണ്ടി പ്രാർത്ഥിക്കട്ടേ? എല്ലായ്പ്പോഴും ഒരേ ഒരുത്തരം മാത്രം. "യേസ് പ്ലീസ്".

മക്കൾ നമ്മുടെ സമ്പാദ്യവും സ്ഥാവരജംഗമവസ്തുക്കളുമല്ല ആഗ്രഹിക്കുന്നത്, പ്രത്യുത, നമ്മുടെ അവിഭക്തശ്രദ്ധയും ആത്മാർത്ഥമായ സ്നേഹവും പരിലാളനവും ശിക്ഷണവുമാണ്. കതിരിന്മേൽ വളമിട്ടിട്ട് ഒരു പ്രയോജനവും ഇല്ല. നാമെത്രതന്നെ തിരക്കിലായിരുന്നാലും മക്കൾക്കുവേണ്ടി സമയം വേർതിരിക്കണം. മക്കളെയും ചെറുമക്കളെയും നാം അകമഴിഞ്ഞു സ്നേഹിച്ചാൽ നമ്മുടെ ആവശ്യവേളകളിൽ അവർ നമ്മുടെ സമീപത്തുണ്ടായിരിക്കും. കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടാൽ നാം എന്തെല്ലാം നേടിയാലും വെട്ടിപ്പിടിച്ച് പടുത്തുയർത്തിയാലും എന്തു പ്രയോജനം? ❑

---

*16-ാം പേജിൽ നിന്നും തുടർച്ച (ഇതു അന്ത്യകാലം...)*

നിന്ന് തന്നെ പിന്മാറിപ്പോകുന്നു.

പണത്തിനും പദവിക്കും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഉഗ്രന്മാർ (ക്രൂരന്മാർ) ദൈവസഭയിൽ നുഴഞ്ഞു കയറിയിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. ഇവരെ തടഞ്ഞു നിർത്താനുള്ള 'കഴിവ്' ദൈവഭയമുള്ള ശുശ്രൂഷകന്മാർക്കും വിശ്വാസികൾക്കും ഉണ്ടായിരിക്കണമെന്നില്ല. മറ്റുചിലർ സൽഗുണദ്വേഷികളാണ്. കൂട്ടുവിശ്വാസിയുടെ നന്മകൾ കാണാൻ കൂട്ടാക്കാതെ അവരുടെ കുറ്റങ്ങൾ മാത്രം നിരീക്ഷിച്ച് പരസ്യപ്പെടുത്തി അവഹേളിക്കുന്നത് അന്ത്യകാലലക്ഷണം തന്നെയല്ലേ? ആത്മാർത്ഥമായി കർത്തൃവേല ചെയ്യുന്ന സുവിശേഷകന്മാരെയും വിശ്വാസികളെയും എന്തിനും, ഏതിനും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നവർ നമ്മുടെ ഇടയിൽ ഇല്ലേ? സാമൂഹ്യമാധ്യമങ്ങളിൽകൂടി വിശ്വാസികൾ നേതൃത്വം നല്കുന്ന ഗ്രൂപ്പുകൾ നടത്തുന്ന പരസ്പര പോരാട്ടംകൊണ്ട് സുവിശേഷ പ്രവർത്തനത്തിന് ഗുണമില്ലെന്ന് മാത്രമല്ല, വലിയ ദോഷവും ഉണ്ട്. ഇതെല്ലാം അന്ത്യകാല ലക്ഷണങ്ങൾ തന്നെയാണ്. തിരുവചനനിവർത്തിക്ക് ഇങ്ങനെയൊക്കെ സംഭവിച്ചേ മതിയാകുകയുള്ളല്ലൊ. ❑

---

## Quest 66 ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
2. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
3. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
4. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
5. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
6. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
7. ജോളി അബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
8. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
9. ബ്ലസി കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
10. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ
11. ജോജമ്മ സെബാസ്റ്റ്യൻ, മന്നാറപ്പ്, കളിയിക്കാവിള
12. ലതാ രവി, ബോംഗേഗാവ്, ആസ്സാം
13. ജിജി റോയി, മാഞ്ഞൂർ, കോട്ടയം

Quest 66 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.വിജയികൾക്കു അഭിനന്ദനങ്ങൾ.-Quest Master

# QUEST 67

**(ഈ ലക്കം QUEST 67– ലെ ചോദ്യങ്ങൾ യിരെമ്യാപ്രവചനം 1 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്)**

1. യിരെമ്യാവ് വിലയ്ക്ക് വാങ്ങിയ അരക്കച്ച എവിടെയാണ് ഒളിപ്പിച്ചു വച്ചത്?
2. തോഫെത്തിലെ പൂജാഗിരികളെ പണിതിരിക്കുന്ന താഴ്‌വര ഏത്?
3. യഹൂദായുടെ പാപം എന്തെല്ലാംകൊണ്ടാണ് എഴുതിയിരിക്കുന്നത്?
4. മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ———
5. ഹർസീത്ത് വാതിലിന്റെ പുറമേയുള്ള താഴ്‌വര ഏത്?
6. യിരെമ്യാപ്രവചനത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസത്യാഗിനി ആര്?
7. യഹൂദാരാജാവായ ഹിസ്കീയാവിന്റെ മകൻ ആര്?
8. —— ഒക്കെയും ഹൃദയത്തിൽ അഗ്രചർമ്മികളാകുന്നു
9. എന്റെ പ്രാണൻ കൊലപാതകന്മാരുടെ മുമ്പിൽ ക്ഷയിച്ചുപോകുന്നു എന്നു പറയുന്ന ശബ്ദം ആരുടേത്?
10. ഊരിയാ പ്രവാചകനെ കൊന്നത് ആര്?
11. ദൈവത്തിന്റെ ജനം ദൈവത്തെ മറന്ന് ആർക്കാണ് ധൂപം കാട്ടുന്നത്?
12. യഹോവ കാഞ്ഞിരം തീറ്റി നഞ്ചുവെള്ളം കുടിപ്പിക്കും എന്നു പറഞ്ഞത് ആരെക്കുറിച്ച്?
13. എവിടെ കാഹളം ഊതുവാനാണ് യഹോവ ബെന്യാമീൻ മക്കളോട് പറയുന്നത്?
14. മൊട്ടക്കുന്നിന്മേൽ നിന്നുകൊണ്ട് കുറുനരികളെപ്പോലെ കിഴെക്കുന്നതാര്?
15. യിരെമ്യാപ്രവാചകനെ അടിക്കുകയും ആമത്തിൽ ഇടുകയും ചെയ്തത് ആര്?
16. ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ താൻ ഇടാത്ത മുട്ടയ്ക്ക് പൊരുന്നിരിക്കുന്ന — യെപ്പോലെയാകുന്നു.
17. ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നതാര്?
18. അവിടെ വൈദ്യൻ ഇല്ലയോ? എവിടെ?
19. യിരെമ്യാവിന് പ്രാണഹാനി വരുത്തുവാൻ വന്നവർ ആരാണ്?
20. ഗിലെയാദും ലെബാനോന്റെ ശിഖരവുമായ അരമന ആരുടേത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**കൊസ്റ്റ് 67**–ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2019 ഒക്ടോബർ 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം : ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST- 66 ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | എല്യാക്കീം | (യെശ. 36:3) |
| 2. | ശക്തിയെ പുതുക്കും | (യെശ. 40:31) |
| 3. | സേയീരിൽ നിന്ന് | (യെശ. 21:11) |
| 4. | ദർശനത്താഴ്‌വര | (യെശ. 22:5) |
| 5. | കല്ദയ പുത്രിയോട് | (യെശ. 47:1) |
| 6. | മെരോദക് -ബലദാൻ | (യെശ. 39:1) |
| 7. | കോരെശ് | (യെശ. 44:28) |
| 8. | അശ്ശൂർ | (യെശ. 23:13) |
| 9. | ക്ഷീണിച്ചിരിക്കുന്നവന് സ്വസ്ഥത കൊടുക്കുക. | (യെശ. 28:12) |
| 10. | സീയോൻ | (യെശ. 49:14) |
| 11. | യഹോവയ്ക്ക് | (യെശ. 28:29) |
| 12. | ലിവ്യാഥാൻ | (യെശ. 27:1) |
| 13. | സുവാർത്താദൂതന്റെ | (യെശ. 52:7) |
| 14. | പതിനഞ്ച് | (യെശ. 38:5) |
| 15. | അരിയേൽ | (യെശ. 29:1) |
| 16. | കണ്ടെത്താകുന്ന സമയത്ത് | (യെശ. 55:6) |
| 17. | നീതിമാൻ | (യെശ. 57:1) |
| 18. | പാപി | (യെശ. 65:20) |
| 19. | നൂറ്റിയെൺപത്തയ്യായിരം | (യെശ. 37:36) |
| 20. | ബാബേലിന്റെ | (യെശ. 39:1) |





പുസ്തകങ്ങൾ




## വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

സുവിശേഷഘോഷണത്തിനായി ദൈവിക വാഗ്ദാനങ്ങളും മാതാപിതാക്കന്മാരുടെ അനുഗ്രഹവും മാത്രം മുറുകെപ്പിടിച്ചുകൊണ്ട് ഭർത്താവ് ചാൾസ് അഞ്ചനുമൊന്നിച്ച് കർണ്ണാടകത്തിലേക്കു 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന വചനം അന്വർത്ഥമാക്കിക്കൊണ്ട് 1951ൽ ഇറങ്ങിത്തിരിച്ച ശ്രീമതി മേരി അഞ്ചൻ എന്ന അനുഗൃഹീത കർത്തൃദാസി കടന്നുപോയ വഴികളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രീ.എം.റ്റി.ജോർജ്, കോന്നിയുടെ പ്രൗഢോജ്ജ്വലമായ അവതാരിക ഈ ആത്മകഥാകഥനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു. അഞ്ചൻ ദമ്പതികൾ സമാരംഭിച്ചു നടത്തിവരുന്ന റൂറൽ ഇൻഡ്യാ ചാരിറ്റബിൾ മിഷൻ ഹോസ്പിറ്റൽ നടത്തിപ്പിനായി ഈ പുസ്തകം വിറ്റു ലഭിക്കുന്ന തുക മുഴുവനും വിനിയോഗിക്കുന്നതാണ്.

**വില – 100 രൂപ.**




## An Eminent Man Amidst Ancient Books

യശഃശരീരനായ പണ്ഡിറ്റ് എം. എം.ജോൺ (നോയൽ മെമ്മോറിയൽ ഹൈ സ്കൂൾ, കുമ്പനാട്) അവർകളെക്കുറിച്ച് ഇംഗ്ലീഷിലുള്ള സ്മരണിക.

**വില – 60 രൂപ**

**രണ്ടു പുസ്തകങ്ങളും തപാലിൽ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 160 രൂപാ മണി ഓർഡറായി അയയ്ക്കുക.**

വിലാസം:–

**Mr. George John, Shanthisadan,**
**Sreekrishna Nagar, Sreekariyam 695 017**
**Ph: 0471-2597715, Mob: 9605486260**

**Evangelical Literature Services,**
**Kesavadasapuram, Trivandrum**
*Direct purchases only.*
**Tel: 0471- 244 8916** (തപാലിൽ ലഭിക്കുന്നതല്ല)

**Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**